വാർഷിക വരിസംഖ്യ 100 രൂപ

# നിയോഗം

Private Circulation Only

ബ്രദറൺ വാർത്താ പത്രിക

പുസ്തകം 10, ലക്കം 7 2012 ജൂലൈ 5


ഉൾപ്പേജുകളിൽ...


| | |
|---|---|
| വെട്ടിനുറുക്കരുതെ... | 3 |
| ദൈവത്തിന്റെ ബുദ്ധിവൈഭവവും... | 4 |
| ആ മഹൽ പ്രഖ്യാപനം | 4 |
| വാർത്തകൾ | 6 |


# സൗത്ത് വെസ്റ്റ് ബ്രദറൺ കോൺഫ്രൻസ് അനുഗ്രഹീതമായി സമാപിച്ചു



കോൺഫ്രൻസിൽ നിന്നുള്ള ദൃശ്യം

**ഈ** വർഷത്തെ സൗത്ത് വെസ്റ്റ് ബ്രദറൺ കോൺഫ്രൻസ് ടെക്സാസിലെ ഹൺസ് വില്ല സാം ഹൂസ്റ്റൺ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ വച്ചു ജൂൺ 8 മുതൽ 10 വരെ അനുഗ്രഹീതമായി നടന്നു. നിങ്ങളുടെ വഴികളെ വിചാരിച്ചു നോക്കുവിൻ (ഹഗ്ഗായി 1:7) എന്ന തീം അടിസ്ഥാനമാക്കി കർത്തൃദാസന്മാരായ സ്റ്റീവ് പ്രൈസ്, ജോൺ പി. തോമസ്, പി.വി. തമ്പി, ആഷ്‌ലി കുര്യൻ എന്നിവർ നടത്തിയ വചനശുശ്രൂഷ അനുഗ്രഹകരമായിരുന്നു. അന്ത്യകാലത്തുവന്നെത്തിയിരിക്കുന്ന നമുക്ക് ജീവിതത്തെയും വഴികളെയും എപ്രകാരം സൂക്ഷിക്കണം എന്ന വ്യക്തമായ സന്ദേശം നൽകപ്പെട്ടു. ഹഗ്ഗായി പ്രവാചകന്മാർ മുഖാന്തരം യിസ്രായേലിനോടു ദൈവം സംസാരിച്ചു.

തങ്ങൾ നടക്കേണ്ട വഴി ഏതെന്നു വിചാരിച്ചു നോക്കണം. ഏതു വഴിയിലൂടെയും നടക്കുവാൻ ദൈവജനത്തിനു അനുവാദമില്ല. ദൈവവഴി മനസിലാക്കി ദൈവത്തോടു കൂടി നടക്കുവാൻ ഹാനോക്കിനേപ്പോലെ നമുക്കാകണം. പ്രതികൂല സാഹചര്യങ്ങളെ കുടുംബബന്ധങ്ങളോ ഒന്നും അതിന് ഒരു തടസ്സമായി മാറരുത്.

ദൈവാലയം ശൂന്യമായിരിക്കെ തങ്ങളുടെ ഭവനങ്ങളുടെ കാര്യം മാത്രം നോക്കുന്നവരും താന്താന്റെ വീട്ടിലേക്കു ഓടുന്നവരോടും കർത്താവിന് വ്യക്തമായ അരുളപ്പാടുണ്ട്.

## എസ്.ബി.എസ് സ്പെഷ്യൽ ക്യാമ്പ് 2012






ദൈവഹിതമായാൽ എസ്.ബി.എസ്സിന്റെ നേതൃത്വത്തിൽ നടക്കുന്ന അടുത്ത സ്പെഷ്യൽ ക്യാമ്പ് 2012 ആഗസ്റ്റ് 1 മുതൽ 4 വരെ പുത്തൻകാവിലുള്ള എസ്.ബി.എസ് ക്യാമ്പ് സെന്ററിൽ വെച്ചു നടക്കുന്നതാണ്.

വിശ്വാസിളുടെ ആത്മീയ ഉന്നമനവും കുടുംബാംഗങ്ങളുടെയും സഭകളുടെയും ശാക്തീകരണവും ലക്ഷ്യമാക്കി നടത്തുന്ന ഈ ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് കുടുംബമായി സംബന്ധിക്കുവാനുള്ള അവസരമുണ്ട് എന്നതു ഇതിന്റെ പ്രത്യേകതയാണ്. ശരിയായ ചിന്ത, ശരിയായ തിരഞ്ഞെടുപ്പ് ശരിയായ ജീവിതം എന്നതാണ് ക്യാമ്പ് തീം.

കുടുംബമായി വരുന്നവർക്ക് പ്രത്യേകമായ താമസസൗകര്യം ഒരുക്കുന്നതായിരിക്കും.

കർത്തൃദാസന്മാരായ ശാമുവേൽ തോമസ് ഏബ്രഹാം ജോൺ (യു.എസ്.എ), ഡോ. ജോൺ ഏബ്രഹാം (തിരുവനന്തപുരം) ജോയി ജോൺ (ബാംഗ്ലൂർ) തുടങ്ങിയ അനേകം പേർ ക്ലാസുകൾ എടുക്കുന്നതാണ്.

## ബൈബിൾ ലിറ്ററേച്ചർ ഫോറം എം. വി. തോമസിനെ ആദരിക്കുന്നു

**ഹ്യൂസ്റ്റൺ:** അമേരിക്കയിലെ ഹ്യൂസ്റ്റൺ മലയാളി ബ്രദറൺ സമൂഹത്തിന്റെ സാഹിത്യസംരംഭമായ ബൈബിൾ ലിറ്ററേച്ചർ ഫോറം പ്രസിദ്ധ ക്രൈസ്തവ ഗ്രന്ഥകർത്താവ് ബ്രദർ. എം. വി. തോമസിനെ ആദരിക്കുന്നു. കല്ലിശ്ശേരി ബി.ബി.സി. ഓഡിറ്റോറിയത്തിൽ ജൂലൈ 27 വെള്ളി രാവിലെ 9:30ന് ഡോ. ഒ. എം. സാമുവേലിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന സമ്മേളനം ബ്രദർ. കെ. എ. ഫിലിപ്പ് ഉദ്ഘാടനം ചെയ്യും.

ബൈബിൾ ലിറ്ററേച്ചർ ഫോറം വൈസ് പ്രസിഡന്റ് ബ്രദർ പി. റ്റി. ഫിലിപ്പ് ഫോറം പ്രവർത്തനങ്ങളും അവാർഡ് വിശദാംശങ്ങളും പങ്കുവയ്ക്കും. ബ്രദർ എം. എം. സഖറിയ ക്യാഷ് അവർഡും ഫലകവും സമ്മാനിക്കും. ബ്രദർ. ചാണ്ടപ്പിള്ള ഫിലിപ്പ് വചനസന്ദേശം നല്കും. ചാൾസ് ജോൺ, അനിയൻ വർഗീസ്, കെ. വി. മാത്യു, ജോൺസൻ സി. ഫിലിപ്പ്, പി. എം. ജോർജ്ജ്കുട്ടി, പി. ഇ. സാംകുട്ടി, എന്നിവർ ആശംസകൾ അർപ്പിക്കും.

എഴുത്ത് ഒരു ദൈവനിയോഗം എന്ന വിഷയത്തിൽ ഡോ. കെ.സി. ജോൺസൻ പ്രബന്ധം അവതരിപ്പിക്കും. ബ്രദർ എം. വി. ബാബു മോഡറേറ്റർ ആയിരിക്കും. കുഞ്ഞുമോൻ തോട്ടപ്പള്ളി, ലിജോ വർഗീസ് പാലമറ്റം. കെ. സി. മാത്യു, പി. എം. ഏബ്രഹാം, പി. എസ്. തമ്പാൻ, സാം സഖറിയ, ജോസഫ് പുന്നൂസ് എന്നിവർ ചർച്ചയിൽ പങ്കെടുക്കും. ജോസഫ് മാത്യു, വർഗീസ് തോമസ്, ജയിംസ് എം. തോമസ്, പി. ഐ. രാജൻകുട്ടി, റ്റി. എസ് ജോർജ്ജ്, റോയി മീമ്പാറ, ഇ. എസ്. റെജി, ഈട്ടിക്കൽ കുഞ്ഞുമോൻ, എം. എൽ. തോമസ് തുടങ്ങിവർ വിവിധ ശുശ്രൂഷകൾ നിർവ്വഹിക്കും. സ്പിരിചൽ സിംഗേഴ്സ് ഗാനവിരുന്ന് ഒരുക്കും.

ഈ സമ്മേളത്തിന്റെ വിജയത്തിനായ് പ്രാർത്ഥിക്കുകയും എല്ലാ തിരക്കുകളും മാറ്റി വച്ച് കുടുംബമായി പങ്കെടുക്കുകയും ചെയ്യുവാൻ കർതൃനാമത്തിൽ അഭ്യർത്ഥിക്കുന്നു, ക്ഷണിക്കുന്നു.

**ബൈബിൾ ലിറ്ററേച്ചർ ഫോറത്തിനുവേണ്ടി, ഡോ. സണ്ണി എഴുമറ്റൂർ, ബ്രദർ പി. റ്റി. ഫിലിപ്പ്, അഡ്വ. മാത്യു വൈരമൺ, ബ്രദർ മാത്യു തോമസ്, പ്രോഗ്രാം കോർഡിനേഷൻ കമ്മിറ്റിക്ക് വേണ്ടി, സി. റ്റി. ജോണിക്കുട്ടി,** Tel: **09447601955**

## ഗോസ്പൽ ക്യാമ്പും ബൈബിൾ ക്ലാസ്സും അയർലണ്ടിൽ

ബ്രദറൺ പ്രസ്ഥാനം തുടക്കം കുറിച്ച അയർലണ്ടിലെ ഡബ്ലിനിലെ കൂടിവരവിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 8-മുതൽ 10 വരെ ഗോസ്പൽ ക്യാമ്പും 11 മുതൽ 14 വരെ ബൈബിൾ ക്യാമ്പും നടക്കുന്നു. കൂടാതെ വി.ബി.എസ്സും സംഘടിപ്പിക്കുന്നു. സഹോ. ജോർജ്ജ് കോശി മൈലപ്രവചനം പ്രഘോഷിക്കുന്നു.

സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ട്...

## എഡിറ്റോറിയൽ



### മണികിലുക്കത്തിലെ വെളിപ്പെടുത്തലുകൾ...

വെളിപ്പെടാതെ ഗൂഢമായതു ഒന്നുമില്ല. പ്രസിദ്ധമായി വെളിച്ചത്തു വരാതെ മറവായിരിക്കുന്നതു ഒന്നുമില്ല (ലൂക്കോ. 8:17).

സമീപകാലത്തു കേരളത്തിൽ നടന്നൊരു കൊലപാതകത്തിന്റെ പേരിൽ പ്രക്ഷുബ്ധമാണ് ഇന്നത്തെ രാഷ്ട്രീയ കേരളം. അതിൽ ഏറ്റവും അധികം പ്രതി സന്ധിയിലായിരിക്കുന്നത് കേരളത്തിലെ സി.പി.എം. ആണ്. അതിനു പല കാരണങ്ങളുണ്ട്. സി.പി.എം. ന്റെ ഇടുക്കി ജില്ലാസെക്രട്ടറിയായിരുന്ന ശ്രീ. എം.എം. മണി പ്രസംഗമദ്ധ്യേ നടത്തിയ വെളിപ്പെടുത്തലുകളാണ് അതിലെ ഏറ്റവും ഗൗരവമായ ഒരുവസ്തുത. വിദ്യാഭ്യാസത്തിന്റെ അപര്യാപ്തതയും പ്രസംഗത്തിലെ ആവേശവും മൂലം നടത്തിയ വികലമായ വാക്കുകൾ പിന്നീട് വിനയായി വിശദീകരണത്തിനു പാർട്ടി സെക്രട്ടറിയേറ്റും മറ്റും ശ്രമിച്ചെങ്കിലും അതുണ്ടാക്കിക്കൊണ്ടിരിക്കുന്ന വിഷമതകൾ ചെറുതല്ല.

ഒരു കുഗ്രാമത്തിൽ നടന്നൊരു പാർട്ടിയോഗത്തിൽ ചെയ്ത പ്രസംഗം മുഖ്യധാരാ മാധ്യമങ്ങളുടെ സാന്നിദ്ധ്യമൊന്നും ഇല്ലാതിരുന്നിട്ടും പുറത്തു വന്നത് ആരാലും ശ്രദ്ധിക്കപ്പെടാതെ പോയ ഒരു പ്രാദേശികചാനലിന്റെ റിപ്പോർട്ടറിലൂടെയാണ്.

ഈ പ്രസംഗം പുറത്തു വന്നതിനെത്തുടർന്ന് കേരളത്തിൽ കഴിഞ്ഞ നാളുകളിൽ നടന്ന പല രാഷ്ട്രീയ കൊലപാതകങ്ങളുടെയും നിഗൂഢതകൾ അന്വേഷിക്കയാണ് കേരളത്തിലെ പോലീസ്. അതിൽ രാഷ്ട്രീയത്തിന്റെ നിറവ്യത്യാസമൊന്നുമില്ല എന്നത് ഭയത്തോടെയാണ് കേരളത്തിലെ സാധാരണക്കാർ വീക്ഷിക്കുന്നത്. അതിലെ നിഗൂഢതകളും യാഥാർത്ഥ്യങ്ങളും അന്വേഷണത്തിലൂടെ പുറത്തു വരട്ടെ. ഏതന്വേഷണത്തേയും നിയമപരമായും സഹിഷ്ണുതയോടെയും സമീപിക്കുക എന്നതാണ് ഇവിടെ അഭികാമ്യം. അന്വേഷണങ്ങളെ നിഷേധാത്മകതയോടെ നേരിടുന്നത് തലയിൽ പപ്പുണ്ട് എന്നു പറയുന്നതിനു കാരണമാകാം.

ഇവിടെ നാം മനസിലാക്കേണ്ട പ്രധാനപ്പെട്ടൊരു വസ്തുതയുണ്ട്. നാം ചെയ്യുന്ന പല പ്രവൃത്തികളും മറ്റാരും കാണുകയോ അറിയുകയോ ചെയ്യുന്നില്ലെങ്കിലും അതു ഒരു നാൾ പുറത്തു വരും. നമ്മുടെ പല പ്രവൃത്തികളും നമ്മെ പിന്തുടർന്നു ആക്രമിക്കുന്നൊരു ദിവസമുണ്ടാകാം. പാപം എത്ര വിദഗ്ധമായി മറച്ചു വെച്ചാലും ഒരു ദിവസം. അതു നമ്മെ കണ്ടെത്തും (Your sin will find out once).

കയീന്റെ പാപം ഒറ്റയ്ക്കും ദാവീദിന്റെ പ്രവൃത്തി ഭൃത്യന്മാരുടെ സഹായത്തോടെയും യോസേഫിനെതിരായ ഗൂഢാലോചന സഹോദരന്മാരുടെ കൂട്ടായ അറിവോടുകൂടെയായിരുന്നു. ഇതൊന്നും ആരും ഒരു നാളും അറിയില്ലായെന്നാണ് ഇവരെല്ലാവരും കരുതിയത്. നാം ചെയ്യുന്ന എല്ലാം കാണുന്നൊരാളുണ്ട് എന്നതു മറന്നു കൂടാ. സഹോദരനെ കൊന്ന കയീന്റെ മുമ്പിൽ ദൈവം പ്രത്യക്ഷപ്പെട്ടതു അവനെ ഭ്രമിപ്പിച്ചു. ദാവീദിന്റെ ആ കുറ്റം മറച്ചു വയ്ക്കാൻ ഗുരുതരമായ മറ്റു പലതും ചെയ്തു എങ്കിലും നാഥാന്റെ വരവു താൻ പ്രതീക്ഷിച്ചിരുന്നില്ല. മിദ്യാന്യാർക്കു വിറ്റു കളഞ്ഞ സഹോദരന്റെ മുമ്പിൽ നിന്നും തങ്ങൾ പരമാർത്ഥികളെന്നു പറകയും തുടർന്നു നാം ചെയ്തതിന്റെ പ്രതികാരമാണിതെന്നും ഏറ്റു പറയുന്ന സ്ഥിതി യോസേഫിന്റെ സഹോദരന്മാരുടെ ചിന്തയിൽ പോലുമില്ലായിരുന്നു; അതെത്ര ദയനീയം!

മനുഷ്യർ എന്ന നിലയിൽ തെറ്റുകുറ്റങ്ങളിൽ ഏർപ്പെടുവാൻ നമുക്കുള്ള സാദ്ധ്യത വളരെയാണ്. എന്നാൽ അപ്പോഴപ്പോൾ അതു ദൈവമുമ്പാകെ ഏറ്റു പറകയും മനുഷ്യരോടു നിരപ്പു പ്രാപിച്ചു അതിനുള്ള പരിഹാരം വരുത്തുകയുമാണ് അഭികാമ്യം. “തന്റെ ലംഘനങ്ങളെ മറച്ചു വെയ്ക്കുന്നവനു ശുഭം വരികയില്ല. എന്നാൽ അവ ഏറ്റു പറഞ്ഞുപേക്ഷിക്കുന്നവന് കരുണ ലഭിക്കും” (സദൃ. 28:13), “നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നുവെങ്കിൽ അവൻ നമ്മോടും പാപങ്ങളെ ക്ഷമിക്കും........” (1 യോഹ. 1:9) തുടങ്ങിയ വാക്യങ്ങൾ നമ്മുടെ കണ്ണു തുറപ്പിക്കട്ടെ.

കാലാകാലങ്ങളിൽ നമ്മിലുണ്ടായിട്ടുള്ള അപരാധങ്ങൾക്കു പരിഹാരം വരുത്തുവാൻ അവസരം ലഭിക്കുമ്പോൾ ശാഠ്യം കാണിച്ചാൽ പിന്നീടു അതിനുള്ള അവസരം ലഭിച്ചില്ലെന്നു വരാം. ദാവീദ് തന്റെ പാപങ്ങളെ മറച്ചു വെച്ചപ്പോൾ അനുഭവിച്ചിരുന്ന സ്ഥിതി ദാവീദ് വിവരിക്കുന്നുണ്ട്; ഒപ്പം അതിനുശേഷമുള്ള സ്വസ്ഥതയും (സങ്കീ. 32:1-5). ഒരുവൻ യാഗപീഠത്തിലേക്കു വരുമ്പോൾ പാലിക്കേണ്ട മനോഭാവം എന്തെന്ന് കർത്താവ് ഓർപ്പിക്കുന്നുണ്ട് (മത്താ. 5:23-24).

ദൈവമക്കളായ നാം ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ വെളിപ്പെടേണ്ടതാകുന്നുവെന്ന മുന്നറിയിപ്പ് ( 2 കൊരി. 5:10) നമുക്കു അവഗണിക്കാതിരിക്കാം. ദൈവം നല്ലതും തീയതുമായ സകല പ്രവൃത്തികളെയും സകല രഹസ്യങ്ങളുമായി ന്യായവിസ്താരത്തിലേക്കു വരുത്തുമല്ലോ? (സഭാ. 12:44).

എല്ലാം കാണുന്നവന്റെ മുമ്പിലാണ് നാം ജീവിക്കുന്നത് എന്ന ബോദ്ധ്യത്തോടെ നമുക്കു ജീവിക്കാം.

ഇവാ. എം.വി. ബാബു

## സോദരിസമാജം കല്ലിശ്ശേരി സെന്റർ

**മഴുക്കീർ:** സോദരിസമാജത്തിന്റെ അടുത്ത സമ്മേളനം 2012 ജൂലൈ 20 വെള്ളിയാഴ്ച മഴുക്കീർ ബ്രദറൺ സഭയിൽവെച്ച് നടക്കുന്നതാണ്. സഹോദരിമാർ പ്രാർത്ഥനാപൂർവ്വം കടന്നുവരണം എന്ന് താല്പര്യപ്പെടുന്നു. അപ്പോ.പ്ര. 20-28 വരെയുള്ള അദ്ധ്യായങ്ങളിൽ നിന്ന് ബൈബിൾ ക്വിസ് ഉണ്ടായിരിക്കുന്നതാണ്. ചെങ്ങന്നൂർ തിരുവല്ലാ റൂട്ടിൽ പ്രാവിൻകൂട് ജംഗഷനിൽ നിന്നും 100 മീറ്റർ പുറകിലാണ് സഭാഹാൾ. മോളി ബാബു സെക്രട്ടറി : 9495924260.

# ഗോസ്പൽ ക്യാമ്പയിനും സ്നാന ശുശ്രൂഷയും



**കമ്പം:** തമിഴ്നാട്ടിലെ കമ്പം ബ്രദറൺ സഭയുടെ ചുമതലയിലും പ്രഷ്യസ് ലൈഫ് മിനിസ്ട്രീസിന്റെ സഹകരണത്തിലും കമ്പത്തും ചുറ്റുപാടുമുള്ള ഗ്രാമങ്ങളിൽ രണ്ടു ദിവസത്തെ ഗോസ്പൽ ക്യാമ്പയിൻ നടന്നു. ഇതോടനുബന്ധിച്ചു നടന്ന സ്നാന ശുശ്രൂഷയിൽ നാലുപേർ ജലത്തിൽ സാക്ഷിച്ചു. സഹോ. ഇസ്രായേൽ ആന്റണി സ്ഥലം സഭയുടെ ശുശ്രൂഷകനായി പ്രവർത്തിക്കുന്നു. ഇവിടെ നടന്ന മീറ്റിംഗുകളിൽ സഹോ. എം.വി. ബാബു, പി.എ. ഫിലിപ്പ് (ദോഹ) ജോർജ്ജ് വില്യംസ് (അറ്റ്ലാന്റാ) വിവേക് കേശവൻ എന്നിവർ ദൈവവചനം ശുശ്രൂഷിച്ചു. പീറ്റർ സുന്ദരരാജ്, എഡ്വിൻ നോവ, ആന്റണി, ഫിലിപ്പുകുട്ടി തുടങ്ങിയവർ വിവിധ ശുശ്രൂഷകളിൽ പങ്കുകൊണ്ടു.

## നല്ലഇടയൻ മിനിസ്ട്രി

നല്ലഇടയൻ മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ പുളിയംഗുഡിയിലെ പ്രവർത്തനങ്ങൾ അനുഗ്രഹമായി നടക്കുന്നു. ഗ്രാമ സുവിശേഷീകരണം, പരസ്യയോഗങ്ങൾ, ഭവനസന്ദർശനം, ബൈബിൾ സ്റ്റഡി തുടങ്ങിയ പ്രവർത്തനങ്ങൾ നടക്കുന്നു.

സുവി. ഫിലിപ്പുകുട്ടി പ്രവർത്തനത്തിന് നേതൃത്വം നൽകുന്നു. സുവി. ചിന്നരാജ്, ജോൺ കെന്നഡി, ഗോവിന്ദൻ, ദാവീദ്, വേലായുധൻ തുടങ്ങിയവർ സഹകരിച്ച് പ്രവർത്തിക്കുന്നു. സ്ഥലം സഭാ സ്ഥാപനലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഗ്രാമങ്ങളിൽ ആളുകൾ വചനംകേട്ട് കർത്താവിനെ രക്ഷിതാവായി സ്വീകരിക്കുന്നുണ്ട്. സഹോ. ജോർജ്ജ് വില്യംസ് (അറ്റ്ലാന്റാ) കുടുംബമായി സഹകരിക്കുകയും ദൈവവചനം ശുശ്രൂഷിക്കുകയും ചെയ്തത് അനുഗ്രഹമായിരുന്നു. ഈ പ്രവർത്തനത്തെയോർത്ത് ദൈവജനം പ്രാർത്ഥിക്കുക.

## YMEF സൗത്ത് ഡിവിഷൻ ഏകദിനസമ്മേളനം

**കലഞ്ഞൂർ:** ദൈവഹിതമായാൽ വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷന്റെ ചുമതലയിലും കലഞ്ഞൂർ ബ്രദറൺ സഭയുടെ സഹകരണത്തിലും ഒരു ഏകദിന സമ്മേളനം ജൂലൈ 18 ബുധൻ 10:00 മുതൽ 3:30 വരെ കലഞ്ഞൂർ ബ്രദറൺ സഭാ ഹാളിൽ വെച്ച് നടക്കുന്നതാണ്. നാം എഴുന്നേറ്റ് പണിയുക എന്ന വിഷയത്തെ അധികരിച്ച് ബ്രദർ ബിജു കെ. ആലടി ക്ലാസ്സുകൾ എടുക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സെക്രട്ടറിയുമായി ബന്ധപ്പെടുക: 9847532592, പി.റ്റി.ഏബ്രഹാം, പി. പാപ്പി.

## ദൃഷ്ടാന്തങ്ങൾ

അറബി രാജ്യത്തുനിന്ന് കുറെ വ്യാജ ചരക്കുകളുമായി ഒരു കൂട്ടം യാത്രക്കാർ കഴുതകളുമായി യിസ്രായേൽ ദേശത്ത് പ്രവേശിച്ചു. പോലീസ് കണ്ടെത്തി എന്നായപ്പോൾ കച്ചവടക്കാർ ഓടിക്കളഞ്ഞു. പോലീസ് ആ കഴുതകളെ പിടിച്ച് ഭക്ഷണം കൊടുക്കാതെ കെട്ടിയിട്ടു വളരെ വിശന്നപ്പോൾ അഴിച്ചുവിട്ടു. തൽക്ഷണം അവ അവയുടെ യജമാനന്മാർ കെട്ടി തീൻ കൊടുക്കാറുള്ള ഗുഹയിലേക്ക് ചെന്നു. ആ ഗുഹ പോലീസ് പരിശോധിച്ചു. വ്യാജ ചരക്കുകളെയും കച്ചവടക്കാരെയും കണ്ടുപിടിച്ചു. “കാള തന്റെ ഉടയവനെയും കഴുത തന്റെ യജമാനന്റെ പുൽത്തൊട്ടിയേയും അറിയുന്നു” (യെശ. 1:3). എന്നുള്ളവേദവചനം ഓർത്തതുകൊണ്ടാണ് പോലീസ് ഈ ഉപായം പ്രയോഗിച്ചതെന്ന് പത്രറിപ്പോർട്ടിൽ പറയുന്നു.

**************************

മുൻ അമേരിക്കൻ പ്രസിഡന്റ് തീയോഡർ റൂസ്വെൽറ്റ് ഒരു ദിവസം പ്രകൃതി ശാസ്ത്രജ്ഞനായ വില്യം ബീബ് ഒരുമിച്ച് സായാഹ്ന സവാരിക്ക് പോയി. നക്ഷത്രങ്ങൾ പ്രകാശിച്ചു അവർ ആകശത്തേയ്ക്കുനോക്കി. നമ്മുടെ സൂര്യഗോളത്തെക്കാൾ അനേക മടങ്ങുവലുതായ അനേക കോടി ഗോളങ്ങളെപ്പറ്റി അവർ തമ്മിൽ സംസാരിച്ചു. ഒടുവിൽ “ഞാൻ എന്തു നിസ്സാരൻ ഇനി നമുക്ക് മടങ്ങാം” എന്ന് പ്രസിഡന്റ് പറഞ്ഞു. അദ്ദേഹം ഇത് പലപ്പോഴും ചിന്തിക്കുകയും പറയുകയും ചെയ്യാറുണ്ടത്രെ. “ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു; ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു” (സങ്കീ. 19:1)


നിയോഗം

| | |
|---|---|
| Chief Editor | - M.V. Babu |
| Editor | - Molly Babu |
| Managing Editor | - P.O. Samuel |
| Associate Editor's | - Shajahan V. Hassan |
| | - Titus Samuel |
| | - S. Sanjivi, 9447668224 |
| U.S. Co-ordianator | - Rajan Thomas NY 914 347 2696 |
| Editorial Board | |
| Mathew Cherian | - TX 281 487 1683 |
| Roy Varghese | - GA 770 755 5345 |
| George Samuel | - Houston |
| Advisory Board | |
| P.A. Philip | - Doha |
| P.T. Philip | - Houston |
| M.V. Sunny | - Dubai |
| Geevarghese Thankachan | - NJ |

Editing, Layout & Design
Puthethu Offset, Kallissery. 0479 2426561
desing: rajeshprasadam@gmail.com

“സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ട്”

നിയോഗം വിശ്വാസത്തിന്റെ കാൽവയ്പാണ്. ഈ ശുശ്രൂഷയെ പ്രാർത്ഥനയിൽ ഓർക്കുകയും നിങ്ങളുടെ പ്രതികരണങ്ങൾ അറിയിക്കുകയും ചെയ്യുക.
വാർഷിക വരിസംഖ്യ 100 രൂപ (ഇന്ത്യ), 25 ഡോളർ (യു. എസ്. എ), 500 രൂപ (ഗൾഫ്)
**Per copy: Rs.10/-**
വിദേശരാജ്യങ്ങളിലേക്കുള്ള തപാൽ ചാർജ് ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നതിനാൽ വരിക്കാർ വരിസംഖ്യയും സംഭാവനകളും അയച്ചുതന്ന് സഹകരിക്കുമല്ലോ

വാർത്തകൾ, രചനകൾ, കത്തുകൾ, വരിസംഖ്യ, വിലാസമാറ്റം,
എന്നിവ അയയ്ക്കേണ്ട വിലാസം
M.V. BABU, NIYOGAM, KALLISSERY
P.O, KERALA - 689 124
PH:0479-2426084, 9447124260
E-mail: niyogampatram@gmail.com

മാസിക ആവശ്യമുള്ളവർ E-mail ചെയ്യുക

# വെട്ടിനുറുക്കരുതേ, ജീവനാണ്...

**സി. റ്റി. ജോണിക്കുട്ടി**

റ്റി. പി. ചന്ദ്രശേഖരന്റെ വധം മനുഷ്യമനസ്സാക്ഷിയെ ഏറെ ഞെട്ടിക്കുകയും സങ്കടപ്പെടുത്തുകയും ചെയ്തു കഴിഞ്ഞു. ഏഴോളം ആളുകൾ ചേർന്ന് മാരകായുധങ്ങളുമായി ഒരാളെ എതിരിടുക. നിരായുധനായ ഒരാളെ, ബൈക്കിൽ സഞ്ചരിച്ച ചന്ദ്രശേഖരനെ വലിയ ഒരു വാഹനംകൊണ്ട് ഇടിച്ചു വീഴ്ത്തിയിട്ടാണ് തലങ്ങും വിലങ്ങും വെട്ടി നുറുക്കിയത്. 51 വെട്ടുകളേറ്റു വികൃതമാക്കപ്പെട്ട മുഖത്ത് അന്ത്യചുംബനം പോലും നൽകാനായില്ല.

നീചവും ക്രൂരവും പൈശാചികവും കിരാതവും എന്നൊക്കെ മനുഷ്യമനസ്സുകൾ ആത്മഗതം പറഞ്ഞു. പ്രതിഷേധങ്ങളും ആക്രമണങ്ങളും ആരോപണ പ്രത്യാരോപണങ്ങളും പോസ്റ്റർ യുദ്ധങ്ങളും എല്ലാം ഈ കൊലപാതകത്തിന്റെ പേരിൽ കേരള ജനത കണ്ടു; കേട്ടു. അദ്ധ്യാപകനായ ജയകൃഷ്ണൻ പിഞ്ചുകുഞ്ഞുങ്ങളുടെ മുന്നിൽ അക്ഷരങ്ങളെ പരിചയപ്പെടുത്തുമ്പോൾ ക്രൂരവിനോദം ജീവിതവ്രതമാക്കിയ ആധുനീക നീറോ ചക്രവർത്തിമാർ ഒന്നുചേർന്ന് ആ ജീവിതത്തെ പിച്ചിച്ചീന്തി. കണ്ടുനിന്ന കുഞ്ഞുങ്ങൾ ക്ലാസ്സ് മുറിയിൽ ബോധരഹിതരായി. കുരുന്നു മനസ്സുകളെയും കൂടിയാണ് അവർ കശാപ്പ് ചെയ്തത്.

രാഷ്ട്രീയ കൊലപാതകങ്ങളുടെ നാടായി കേരളനാട് മാറിയിരിക്കുന്നു. നൂറുശതമാനം സാക്ഷരതയും സംസ്കാരസമ്പന്നതയും പരിസരശുചിത്വവും അന്തസാർന്ന പെരുമാറ്റവും എല്ലാം സ്വന്തമെന്ന് അവകാശപ്പെടുന്ന കേരളീയർ ഇന്ന് കാട്ടിക്കൂട്ടുന്ന ഭ്രാന്തൻ ആഭാസങ്ങൾ പൊറുക്കാവുന്നവയല്ല. ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പ് നല്കിക്കൊണ്ട് ജനങ്ങളെ പ്രലോഭിപ്പിച്ച് അവരുടെ പിതൃത്വവും അവകാശം പറഞ്ഞ് രൂപംകൊണ്ട രാഷ്ട്രീയ പാർട്ടികൾ എതിരാളികളെ വെട്ടിനുറുക്കി പക തീർക്കുകയാണ്. ഒരു കാലത്ത് കൊടിയും കൈയ്യിലേന്തി സിന്താബാദ് വിളിച്ച സഖാവിനെ കൊടിയുടെ നിറം മാറിയതിനാലും ചേരി മാറിയതിനാലും ഇല്ലായ്മ ചെയ്യുവാൻ ഗൂഢാലോചന. വർഷങ്ങൾ നീണ്ട കാത്തിരിപ്പിന് ഒടുവിൽ ഇടവഴികളിൽ വെട്ടിക്കൊല്ലുക. പ്രസംഗിക്കുന്ന പ്രത്യയശാസ്ത്രത്തിന് എതിരല്ലേ ഇത്?

കൊട്ടേഷൻ സംഘങ്ങളെ വിലയ്ക്കെടുക്കുക. പാർട്ടി ഗ്രാമങ്ങളിൽ ഒളിയിടം ഒരുക്കുക. ഭക്ഷണവും സംരക്ഷണവും നല്കുക. പ്രതികളുടെയും കുടുംബങ്ങളുടെയും സാമ്പത്തിക ആവശ്യങ്ങൾ പാർട്ടി ഏറ്റെടുക്കുക, ജയിൽ ശിക്ഷ ഉണ്ടായാൽ പരോൾ മുതലായ ആനുകൂല്യങ്ങൾ രാഷ്ട്രീയ സ്വാധീനം ഉപയോഗിച്ച് തരപ്പെടുത്തുക. എന്തെല്ലാം പ്രലോഭനങ്ങളാണ് രാഷ്ട്രീയ പാർട്ടികൾ വച്ചു നീട്ടുന്നത്. കൂറെ ഏറെ വർഷങ്ങളിലേക്ക് വിയർക്കാതെ ജീവിതം മുന്നോട്ടു പോകുമെങ്കിൽ അതല്ലെ നല്ലത്?

അധികാരത്തിന്റെ അപ്പക്കഷണം സ്വന്തം കൈപ്പിടിയിൽ ഒതുക്കിപ്പിടിക്കുന്നതിന്, കൊടിവച്ച കാറുകളിൽ നെഞ്ചുവിരിച്ച് നാടുചുറ്റുന്നതിന്, തങ്ങൾക്കും സ്വന്തക്കാർക്കും വേണ്ടി ഖജനാവ് കൊള്ളയടിക്കുന്നതിന്, തങ്ങളാണ് ഈ നാടിന്റെ അവസാനവാക്കെന്ന് മാലോകരെ തെറ്റിദ്ധരിപ്പിക്കുന്നതിന് ഒക്കെയുള്ള വൃഥാ ശ്രമങ്ങളാണ് ഇവയെല്ലാം.

ഏതു പ്രത്യയശാസ്ത്രം വിശ്വസിച്ചാലും ജീവിക്കാനുള്ള സ്വാതന്ത്ര്യം ഈ മണ്ണിലില്ലേ? മതം ഏതുമാകട്ടെ. രാഷ്ട്രീയം ഇടതോ വലതോ ആകട്ടെ. സംഘടനകൾ ഏതുമാകട്ടെ. ഒപ്പം നില്ക്കുന്നില്ല, പിന്തുണയാകുന്നില്ല എന്ന ഏക കാരണംകൊണ്ട് വെട്ടിനുറുക്കുവാൻ അവകാശമുണ്ടോ? ജീവൻ നല്കുവാൻ ആകാത്തവർക്ക് അത് എടുത്തുകളയുവാൻ എന്തു അവകാശം?

വാളുകൊണ്ടും തോക്കുകൊണ്ടും കൊന്നൊടുക്കിയതിനേക്കാൾ വലിയ കൂട്ടം വാക്കുകളാൽ കൊല്ലപ്പെട്ടിട്ടുണ്ട്. വാക്കുകൾ വാളുകളാണെന്ന് ചിന്തകർ പറയുന്നു. വാളിന് വെട്ടി മുറിവേൽപ്പിക്കപ്പെടുകയോ മരിക്കയോ ചെയ്യുന്നത് ഒരു ദിവസം കൊണ്ട് പൂർത്തിയാകുന്ന ദൗത്യമാണ്. കൊല്ലപ്പെട്ടവന്റെ വേദനയ്ക്ക് മണിക്കൂറുകളുടെ ആയുസ്സേ ഉള്ളു.എന്നാൽ വാക്കുകളിലൂടെ മാന്യതയും അന്തസ്സും ഭാവിയും സമാധാനവും അംഗീകാരവും പിന്തുണയും ഇല്ലായ്മ ചെയ്യുവാൻ ഇറങ്ങിത്തിരിക്കുന്നവർ എതിരാളിയെ മാനസികമായി കൊല ചെയ്യുകയാണ്.

റ്റി. പി. ചന്ദ്രശേഖരന് ഭാര്യയും മക്കളും വൃദ്ധരായ മാതാപിതാക്കളും ബന്ധുക്കളും അഭ്യുദയകാംഷികളുമടങ്ങിയ ഒരു സമൂഹം പിന്നിൽ ഉണ്ട് എന്നത് കൊലയെ കലയാക്കിയ കാപാലികന്മാർ ബോധപൂർവ്വം വിസ്മരിച്ചു. ദുഃഖിതരുടെ ഉള്ളിൽനിന്നുയരുന്ന പ്രതിഷേധാഗ്നിയിൽ കൊലപാതകികൾ വെന്തുരുകുമെന്നതിന് സംശയം വേണ്ട. തലമുറകൾ ഇവർക്കൊന്നും മാപ്പു നല്കില്ല. ചിത എരിഞ്ഞടങ്ങിയാലും മനുഷ്യമനസ്സുകളിലെ കനൽ കെടുന്നില്ല.

ക്രിസ്തിയ പ്രവർത്തനരംഗത്ത് ഇതിന് സമാനമായ ഒട്ടേറെ കൊലപാതകങ്ങളുടെ ദൃക്സാക്ഷികളുണ്ട്, അനുഭവസാക്ഷികളുണ്ട്. എതിരാളികളെ ആദ്യം സൃഷ്ടിക്കുക. പിന്നീട് അവരെ പേനയുടെ മുനയിൽ ഊറിവരുന്ന മഷിയിൽ മുക്കിപ്പിടിച്ച് ശ്വാസം മുട്ടിച്ചുകൊല്ലുക. കഴിയുമെങ്കിൽ ശവസംസ്കാരദിവസം ഒരു റീത്തുമായി യാത്രയയപ്പിൽ പങ്കെടുക്കുക. വേണ്ടി വന്നാൽ മാധ്യമങ്ങളുടെ ചുമതലയേ ഞങ്ങൾ നിർവ്വഹിച്ചിട്ടുള്ളു എന്ന് വീരവാദം മുഴക്കുക! എന്തു മാധ്യമം? കഷ്ടം.

ശാന്തമായ വിലയിരുത്തലിനും പ്രാർത്ഥനയ്ക്കും വിവേകപൂർവ്വമായ വിചിന്തനങ്ങൾക്കും ശേഷമേ കാതലായ തീരുമാനങ്ങൾ കൈക്കൊള്ളാവു. അരിശം മൂത്ത് എടുത്ത് ചാടിയവരെല്ലാം കാലപ്പഴക്കത്തിൽ ദുഃഖിക്കയും ഏറ്റുപറകയും ക്ഷമ യാചിക്കയും ചെയ്തിട്ടുണ്ട്. പക്ഷേ അലക്ഷ്യമായി എറിഞ്ഞ കത്തികൾ വരുത്തിയ മുറിവുകളും മുറിപ്പാടുകളും കാലത്തെ അതിജീവിച്ച് നിലനില്ക്കും. ചരിത്രത്തിൽനിന്ന് അവ പിഴുതെറിയുവാൻ ആർക്കും കഴിയില്ല.

ഓപ്പറേഷൻ തീയറ്ററിൽ കത്തിയെടുക്കേണ്ടിവരുന്ന ഡോക്ടറെപ്പോലെ, അടുപ്പിൽ തീ കത്തിക്കാൻ തുനിയുന്ന വീട്ടമ്മയെപ്പോലെ, ആദ്യാക്ഷരങ്ങൾ നാവിൽ തുമ്പിൽ കുറിച്ചിടുന്ന അദ്ധ്യാപകനെപ്പോലെ, നല്ല യൂണിഫോം നിർമ്മിക്കാൻ തുണി തുണ്ടം തുണ്ടമായി വെട്ടി മുറിക്കുന്ന തയ്യൽക്കാരനെപ്പോലെ, നല്ല ഫലം പ്രതീക്ഷിച്ച് മണ്ണിനെ ഉഴുതു മറിക്കുന്ന കർഷകനെപ്പോലെ, ശുഭഭാവി പ്രതീക്ഷിച്ച് മകനെ ശിക്ഷിക്കുന്ന പിതാവിനെപ്പോലെ ആവട്ടെ നമ്മുടെ കർമ്മങ്ങൾ. മുന്തിരിയും ആപ്പിളും അത്തിയും പോലെയുള്ള ഫലങ്ങൾ നമ്മിൽനിന്നു പുറപ്പെടട്ടെ. അതാണ് എല്ലാറ്റിലും നന്മ കണ്ടെത്തുന്നവന്റെ ആഗ്രഹവും. ദൈവീക കോടതിയുണ്ടെന്ന് വിശ്വസിക്കുന്ന വിശ്വാസസമൂഹവും ലോക കോടതി നീതി നടപ്പാക്കുമെന്ന് അംഗീകരിക്കുന്ന സാധാരണ ജനവും ന്യായാധിപന്റെ സിംഹാസനത്തിലേക്ക് കയറിപ്പറ്റരുത്. അത് വ്യവസ്ഥിതിക്ക് എതിരാണ്. നീതിരഹിതമാണ്. ●

# ബിലീവേഴ്സ് റിലീഫ് ട്രസ്റ്റ്

## വിദ്യാഭ്യാസ സഹായം 2012–2013

**സാമ്പത്തിക** വിഷമം അനുഭവിക്കുന്ന വിശ്വാസികളുടെ മക്കൾക്ക് വിദ്യാഭ്യാസ സഹായം നൽകുന്നതിനായി ദോഹ, ദുബായ് സഭകളിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന തുക ഈ വർഷവും ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു. 8,9,10 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് ദോഹ സഭയുടേതും 10–ാം ക്ലാസ്സിനു ശേഷമുള്ള പഠനത്തിനു ദുബായ് സഭയുടേയും തുകകളാണ് വിനിയോഗിച്ചുകൊണ്ടിരിക്കുന്നത്. അർഹതയുള്ള വിദ്യാർത്ഥികളുടെ രക്ഷിതാക്കൾ താഴെ ചേർത്തിരിക്കുന്ന മാതൃകയിലുള്ള അപേക്ഷ 14”x9” സൈസിലുള്ള വെള്ളക്കടലാസിൽ തയ്യാറാക്കി പൂരിപ്പിച്ച് സഭാമൂപ്പന്മാരുടെ സാക്ഷ്യപത്രത്തോടു കൂടി, ഇക്കൊല്ലത്തെ കോഴ്സ് സർട്ടിഫിക്കറ്റ് സഹിതം 2012 ഓഗസ്റ്റ് 31–ാം തീയതിക്ക് മുമ്പ് സെക്രട്ടറിക്ക് കിട്ടത്തക്കവണ്ണം അയയ്ക്കേണ്ടതാണ്. കഴിഞ്ഞ അദ്ധ്യയന വർഷം S.S.L.C, XII എന്നിവയുടെ ഫൈനൽ പരീക്ഷകളിൽ 60 ശതമാനത്തിൽ കൂടുതൽ മാർക്ക് ലഭിച്ചവർ മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ ഫോട്ടോകോപ്പി അപേക്ഷയുടെ കൂടെ അയയ്ക്കേണ്ടതാണ്. താമസിച്ച് ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. വിലാസം : Mr. K.S. John, Secretary, Believers Relief Trust, Brethren Bible Institute, Elanthoor-Pariyaram P.O., Pathanamthitta, Kerala, India - 689 643. പ്രത്യേക ശ്രദ്ധയ്ക്ക് 1) വലിപ്പം കൂടിയ പേപ്പർ ഉപയോഗിക്കാൻ പാടില്ല (2) അപേക്ഷാഫാറത്തിൽ ചോദ്യം എഴുതി അതിനെതിരെ ഉത്തരം നൽകേണ്ടതാണ് (3) അപേക്ഷകന്റെ മേൽവിലാസം വ്യക്തമായും പൂർണ്ണമായും എഴുതണം. ജില്ലയും പിൻകോഡും കാണിച്ചിരിക്കണം. (4) കോഴ്സ് സർട്ടിഫിക്കറ്റ് ഇല്ലാത്ത അപേക്ഷയും സ്വീകരിക്കയില്ല.

**ബിലീവേഴ്സ് റിലീഫ് ട്രസ്റ്റ് വഴി വിതരണം നടത്തുന്ന ദി ബ്രദറൺ അസംബ്ലി ദോഹ/ദുബായ് വക വിദ്യാഭ്യാസ സഹായത്തിനുള്ള അപേക്ഷ 2012–2013**

1. അപേക്ഷകന്റെ (രക്ഷാകർത്താവിന്റെ പേര്)..........................................................
2. മേൽവിലാസം (ജില്ലയും പിൻകോഡും സഹിതം) ..........................................
3. ..........................................................................................................
   ..........................................................................................................
   ..........................................................................................................
4. രക്ഷാകർത്താവിന്റെ തൊഴിലും മാസവരുമാനവും
   (1) പിതാവ് .................. (2) മാതാവ്.................. (3) ആകെ മാസവരുമാനം..................
5. രക്ഷാകർത്താക്കളും വിദ്യാർത്ഥിയും രക്ഷിക്കപ്പെട്ടതാണോ?..........................
6. നല്ല സാക്ഷ്യം പുലർത്തി സ്ഥലം ബ്രദറൺ സഭാബന്ധത്തിൽ സന്തോഷമായിരിക്കുന്നുവോ? ..........................................
7. രക്ഷാകർത്താക്കളും വിദ്യാർത്ഥിയും ഉൾപ്പെട്ടിരിക്കുന്ന സ്ഥലം ബ്രദറൺ സഭയേത്? ..........................................
8. വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനത്തിന്റെ പേര്? ..........................................
9. ഏതു ക്ലാസിൽ /ഏതു കോഴ്സിന്/എത്രാം വർഷം പഠിക്കുന്നു..........................
10. കഴിഞ്ഞ വർഷം പഠിച്ചിരുന്ന ക്ലാസ്സിൽ നിന്നും വിജയിച്ചോ?
    (തോറ്റവർ അപേക്ഷിക്കേണ്ടതില്ല)..........................................
11. ഈ വർഷത്തെ കോഴ്സ് സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം വച്ചി ട്ടുണ്ടോ?..........................................
    അതിന്റെ നമ്പരും തീയതിയും..........................................
    (കോഴ്സ് സർട്ടിഫിക്കറ്റ് ചേർത്ത് അയയ്ക്കാത്ത അപേക്ഷ സ്വീകാര്യമല്ല)
12. കഴിഞ്ഞ വർഷം ദോഹയുടെയോ ദുബായിയുടെയോ സഹായം ലഭിച്ചിരുന്നോ?..........................................
    എങ്കിൽ എത്ര രൂപാ..........................................
13. ഈ വർഷം ഏതിനാണ് അപേക്ഷിക്കുന്നത്? ദോഹയുടെ/ദുബായിയുടെ
14. ഈ ട്രസ്റ്റ് വഴി വിതരണം ചെയ്യുന്ന വേറെ ഏതെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ?.......................... എങ്കിൽ വിവരം..........................
15. വിദ്യാർത്ഥിയുടെ ഒപ്പ്..........................................
16. രക്ഷാകർത്താവിന്റെ ഒപ്പ്..........................................
17. സ്ഥലം .......................... തീയതി..........................
18. രക്ഷാകർത്താവിന് ബാങ്ക് അക്കൗണ്ട് ഉണ്ടോ?..........................
19. രക്ഷാകർത്താവിന്റെ ബാങ്ക് അക്കൗണ്ട് നമ്പർ..........................
20. ബാങ്കിന്റെ പേരും ബ്രാഞ്ചും..........................
21. ഫോൺ നമ്പർ .......................... മൊബൈൽ നമ്പർ..........................
22. ഈ വിദ്യാർത്ഥിക്ക് സഹായത്തിന് അർഹതയുണ്ടെങ്കിൽ ചെക്ക് ആരുടെ പേരിൽ അയയ്ക്കണം? ..........................................
    .......................................... (സ്വന്തമായി അക്കൗണ്ട് ഇല്ലെങ്കിൽ സഭയുടെ ആരുടെയെങ്കിലും അക്കൗണ്ട് നമ്പരും അവരുടെ പേരും വ്യക്തമായി എഴുതണം)
23. സ്ഥലം സഭയിലെ മൂപ്പന്മാരുടെ/ ചുമതലപ്പെട്ടവരുടെ ശുപാർശ (4 മുതൽ 10 വരെയും 14–ലും ഉള്ള വിവരങ്ങളെക്കുറിച്ച് വ്യക്തമായി സാക്ഷ്യപ്പെടുത്തിയിരിക്കണം. വിദ്യാർത്ഥിയും രക്ഷാകർത്താക്കളും കൂട്ടായ്മയിൽ സംബന്ധിക്കുന്നുണ്ടോ എന്ന് വ്യക്തമായി എഴുതണം).
    ..........................................................................................................
    ..........................................................................................................
24. സാക്ഷ്യപ്പെടുത്തിയ മൂപ്പന്മാരുടെ /ചുമതലപ്പെട്ടവരുടെ പേരും വിലാസവും ഒപ്പും ഫോൺ നമ്പരും തീയതിയും

1.

2.

Seal of the Assembly

# ദൈവത്തിന്റെ ബുദ്ധിവൈഭവവും നർമ്മബോധവും



കുഞ്ഞുമോൻ തോട്ടപ്പള്ളി

ദൈവം ചിരിക്കാത്ത അരസികനാണെന്നാണ് പരക്കെ ചിന്തിക്കപ്പെടുന്നത്. “സ്വർഗ്ഗത്തിൽ വസിക്കുന്നവൻ ചിരിക്കുന്നു” എന്ന രണ്ടാം സങ്കീർത്തന വാക്യം പലരും ഓർക്കാറില്ലെന്നു തോന്നുന്നു. ദൈവം അപ്രമേയ ബുദ്ധിയുള്ളവനാണെന്ന് എല്ലാവരും സമ്മതിക്കും. ഒരു ബുദ്ധികേടും ഒരിക്കൽ പോലും ചെയ്യാനോ സോറി പറയാനോ ദൈവത്തിനിടയായിട്ടില്ല.

നല്ല നർമ്മമുണ്ട്. ദൈവത്തിനു ബുദ്ധി മാത്രമല്ല ദൈവത്തിന്റെ നർമ്മബോധം പഴയ പുതിയ നിയമങ്ങളിൽ ശരിക്കും വ്യക്തമാണ്. കയീന്റെവംശത്തിലെ ലാമേക്ക് എന്നവൻ പുറത്തുപോയി തല്ലുകൊണ്ടിട്ട് വീട്ടിൽ വന്ന് ഭാര്യമാരോട് വീമ്പടിക്കുന്നതു കേട്ടു ചിരിച്ചതുകൊണ്ടല്ലെ ദൈവം നമുക്ക് ചിരിക്കാൻ, വക തരുന്ന ഈ വാക്കുകൾ തിരുവെഴുത്തിൽ തന്നിരിക്കുന്നത്? (ഉല്പ. 4:23, 24).

പണ്ടു ‘നീതി പ്രസംഗി’ ആയിരുന്ന നോഹ പ്രസംഗം കഴിഞ്ഞ് മദ്യം ഉണ്ടാക്കിക്കുടിച്ച് ‘ബോധവും പൊക്കണവും’ നഷ്ടപ്പെടുത്തി. ദൈവം എന്താ ചെയ്തത്? നോഹയെക്കൊണ്ടു തന്നെ തലമുറകളെ ശപിപ്പിച്ചു. ആശിക്ഷാവിധിയിലൊരു നർമ്മമില്ലെ? (ഉല്പ. 9:25). അബ്രഹാമിനെ വിട്ട് ലോത്ത് കിഴക്കെ ദേശത്തേക്കു പോയ ഉടനെ ദൈവം അബ്രഹാമിനോടെന്താ പറഞ്ഞത്? നീ കിഴക്കോട്ടും തെക്കോട്ടും പടിഞ്ഞാറോട്ടും വടക്കോട്ടും നോക്കുക. എല്ലാം നിനക്കും നിന്റെ സന്തതിക്കുമായിരിക്കും (ഉല്പ. 13:15). ലോത്തു പോയ കിഴക്കുൾപ്പെടെ! ഇതുകേട്ട അബ്രഹാം ഉള്ളിൽ ചിരിക്കാതിരുന്നു കാണുമോ?

സോദോം രാജാവു കച്ചവടവുമായി അബ്രഹാമിനെ സമീപിക്കുന്നതിനുമുമ്പ് പരീക്ഷയിൽ തോല്ക്കാതിരിക്കാനുള്ള പാഠം പഠിപ്പിക്കാൻ ദൈവം ‘ശാലേം രാജാവിനെ’ അബ്രഹാമിന്റെ അടുത്തേക്ക് അയച്ചു. അതിലുണ്ട് ചെറിയ അല്ല വലിയൊരു രസം. അബ്രഹാം ജയിച്ചപ്പോൾ സ്വർഗ്ഗത്തിലിരുന്നു ദൈവം ശരിക്കും രസിച്ചു കാണും.

ഹാഗാർ തല മറന്ന് എണ്ണ തേച്ചു. ഈ ഉയർച്ചക്കെല്ലാം കാരണക്കാരിയായ സാറയെ അവൾ മറന്ന് നിന്ദിക്കാൻ തുടങ്ങി. ഹാഗാർ അങ്ങനെ സാറായുടെ കാഠിന്യം വിലയ്ക്കു മേടിയ്ക്കുകയായിരുന്നു. ഒരുദിവസം അവൾ നിങ്ങളിനി എന്റെ യജമാനത്തിയല്ല എന്നു പറഞ്ഞു എല്ലാം കെട്ടിപ്പെറുക്കി സ്ഥലം വിട്ടു. ദൈവം അപ്പോൾ ഒന്നും പറഞ്ഞില്ല. ശൂർ മരുഭൂമിയിൽ നീരുറവിനരികെ എത്തിയപ്പോൾ ഒന്നുമറിയാത്തതുപോലെ ദൈവദൂതൻ ഒരു ചോദ്യം : “സാറായിയുടെ ദാസിയായ ഹാഗാറെ നീ എവിടെ നിന്നു വരുന്നു എങ്ങോട്ടു പോകുന്നു” ദൈവ ദൃഷ്ടിയിൽ അവർ സാറായുടെ ദാസിയാണ്. മര്യാദയ്ക്കു തിരിച്ചുപോയി യജമാനത്തിക്ക് കീഴ്പ്പെട്ടിരിക്ക് (ഉല്പ. 16). അവളുടെ ഗുണത്തിനായിരുന്നു അത്. കാരണം അവൾ ഗർഭിണിയാണ്. നല്ല കരുതൽ വേണ്ട സമയം. ജനിക്കുന്ന കുഞ്ഞിനും സ്നേഹവും വാത്സല്യവും കിട്ടണം. അതിനാണവൾക്ക് ദൂതൻ പ്രത്യക്ഷപ്പെട്ടത്. എന്തുകൊണ്ടു ദൈവം അത് വീട്ടിൽ വച്ചു ചെയ്തില്ല? ദൈവം എല്ലാം രസകരമായിട്ടേ ചെയ്യുകയുള്ളൂ. ദൈവത്തിന്റെ രസം ആസ്വദിക്കാനുള്ള കഴിവുള്ളവർക്കെ അങ്ങനെ മനസ്സിലാക്കാൻ സാധിക്കു. അല്ലാത്തവർ പറയും ദൈവത്തിനപ്പോളാണ് കൈ ഒഴിഞ്ഞത്. എന്തെല്ലാം കാര്യങ്ങളാ ചെയ്യേണ്ടത്?

ദൈവത്തിന്റെ കൗതുകങ്ങൾ കണ്ടും കേട്ടും നാം ചിരിക്കുന്നതു ദൈവത്തിനിഷ്ടമാണ്. സാറാ ചെയ്തതുപോലെ ദൈവത്തെ കളിയാക്കി ചിരിക്കാതിരുന്നാൽ മതി. തൊണ്ണൂറു തികഞ്ഞ സാറയ്ക്കു മാസം തികയും എന്നു ദൈവം പറഞ്ഞപ്പോൾ നൂറുകാരൻ കവിണ്ണുവീണു ചിരിച്ചു എന്നാണ് പരിശുദ്ധാത്മാവ് എഴുതിയിരിക്കുന്നത് (ഉല്പ. 17:17) ചിരി എന്നർത്ഥമുള്ള യിസ്ഹാക്കു എന്നു മകനു പേരിടാൻ ദൈവം തന്നെയാണ് പറഞ്ഞത്. അബ്രഹാമും ദൈവവുമായി സോദോമിന്റെ കാര്യത്തിൽ ചെയ്ത ‘ലേലംവിളി’ എങ്ങനെയുണ്ട്? അമ്പത്, നാല്പത്തഞ്ച്, നാല്പത്, മുപ്പത്, ഇരുപത്, പത്ത് (ഒരു തരം രണ്ടു തരം മൂന്നു തരം അല്ലേ?) രസികനായ ദൈവത്തിനല്ലെ ഇതുകേട്ടു മൂളിക്കൊണ്ടിരിക്കാൻ കഴിയൂ.

ആദ്യം ഫറവോനും പിന്നീട് അബീമെലെക്കും സാറായെ പിടിച്ചുകൊണ്ടുപോകാനിടയായി. രണ്ടുപേരെയും ദൈവം ദണ്ഡിപ്പിച്ചു. അവർ പ്രായശ്ചിത്തത്തോടെ സാറയെ ഒരു ദേഹോപദ്രവവും ഏൽപ്പിക്കാതെ മടക്കിക്കൊടുത്തു. മേലാൽ ഇങ്ങനെയുള്ള ഗുരുത്വക്കേടുകൾ അവർ ആരോടും കാണിക്കാതിരിക്കാനാണ് ദൈവം ഈ കാര്യം രസകരമായി ഡീൽ ചെയ്തത്.

ഇനി പുതിയ നിയമത്തിലെ ഒരു സംഭവം മാത്രം ചിന്തിക്കാം. യെരുശലേം ദൈവാലയത്തിൽ വന്നു പോകേണ്ട ആളുകളിൽ ആദ്യം 3000 പേരും പിന്നെ 5000 പേരും സുവിശേഷം കേട്ടു വിശ്വസിച്ചു സ്നാനപ്പെട്ട് അപ്പൊസ്തലന്മാരോടു ചേർന്നു. ദിനമ്പ്രതി യഹൂദന്മാർ സഭയോടു ചേർന്നു കൊണ്ടിരുന്നതിൽ അസൂയ മൂത്ത മഹാപുരോഹിതർ അപ്പോസ്തലന്മാരെ പിടിച്ചു തടവിലാക്കിയ കാര്യം പ്രവൃ 5–ാം അദ്ധ്യായത്തിലുണ്ട്.

ദൂതൻ രാത്രിയിൽ കാരാഗ്രഹത്തിലെത്തി വാതിൽ തുറന്ന് ഇവരെ പുറത്തു കൊണ്ടുവന്നശേഷം വാതിൽ പൂട്ടി. കാവൽക്കാരറിഞ്ഞില്ല. ദൂതൻ പറഞ്ഞതനുസരിച്ച് അവർ മഹാപുരോഹിതന്റെ ആസ്ഥാനമായ ദൈവാലയത്തിലെത്തി പ്രസംഗം ആരംഭിച്ചു. രാവിലെ കാരാഗ്രഹം തുറന്ന് ഇവരെ വിസ്താരത്തിനായി കൊണ്ടുവരുവാൻ ആളെ വിട്ടു. അവർ ചെന്നപ്പോൾ കാവൽക്കാർ ജാഗ്രതയോടെ കണ്ണിൽ എണ്ണയൊഴിച്ച് കാക്കുന്നുണ്ട്. കയ്യിൽ കുന്തവുമുണ്ട്. കാരാഗ്രഹം ഒന്നാംതരം താഴിട്ടു പൂട്ടിയിട്ടുണ്ട്. തുറന്നപ്പോൾ അപ്പൊസ്തലന്മാരെ കാണാനില്ല. ആ കൃത്യസമയത്ത് ഒരുവൻ ഓടിവന്ന് മഹാപുരോഹിതന്മാരോട് പറഞ്ഞു. നിങ്ങൾ തടവിലാക്കിയവർ ദൈവാലയത്തിൽ കയറി പ്രസംഗിക്കുന്നുണ്ട്. ചിരിച്ചുകൊണ്ടല്ലാതെ ഈ സംഭവം വായിക്കാൻ ഹൃദയമുള്ളവർക്കു സാധിക്കുമോ? എന്തുകൊണ്ടാണ് ഒരു ബഹളവും വയ്ക്കാതെ ദൂതൻ അതീവ ശാന്തതയോടെ ഇവരെ ഇറക്കിയത്? ബഹളം വച്ചാൽ പ്രധാന കാര്യം സാധിക്കാതെ വരും. പ്രധാന കാര്യം ഇവരുടെ വിടുതലല്ല ദൈവാലയത്തിലെ പ്രസംഗമാണ്. ദൈവാലയത്തിലെ പ്രസംഗത്തിന് വലിയൊരു ലക്ഷ്യമുണ്ട്. പൗലോസിനെയും ശീലാസിനെയും ഫിലിപ്യ കാരാഗ്രഹത്തിലടച്ച രാത്രി ദൈവം ഭൂകമ്പത്താൽ അവരുടെ ചങ്ങല അഴിച്ചത് അവരെ ദേഹോപദ്രവം ചെയ്ത ജയിലറും കുടുംബവും രക്ഷിക്കപ്പെടേണ്ടതിനായിരുന്നതുപോലെ അപ്പൊസ്തലന്മാരെ തടവിലാക്കിയ പുരോഹിതർ രക്ഷിക്കപ്പെടണം. അതുണ്ടായി. പുരോഹിതന്മാരിലും വലിയോരു കൂട്ടം വിശ്വാസത്തിനധീനരായി (പ്രവൃ. 6:7). ഇവിടെയെല്ലാം ദൈവത്തിന്റെ ബുദ്ധിവൈഭവം മാത്രമല്ല നർമ്മബോധവും കാണാം. ബൈബിൾ വായിക്കുന്തോറും മുഷിപ്പുതോന്നാത്തത് അതു നർമ്മത്തിൽ ചാലിച്ച് എഴുതിയിരിക്കുന്നതുകൊണ്ടാണ്. ആരും വീർപ്പുമുട്ടി വിഷമിച്ച് വിഷം കഴിക്കുന്നതുപോലെ ബൈബിൾ വായിക്കേണ്ടതില്ല. ആസ്വദിച്ചു വായിക്കാൻ സാധിക്കും. എപ്പോഴും സന്തോഷിച്ചുകൊണ്ട് പ്രസന്നവദനരായി ആത്മീയജീവിതം നയിക്കാനും സാധിക്കും. വചനത്തിലും ദൈവത്തിലും രസിക്കാൻ, പ്രമോദിക്കാൻ നമുക്കിടയാകട്ടെ.

പഴയപുറം

*കർത്താവിന്റെ കഷ്ടാനുഭവ സ്മരണകൾ*

# ആ മഹൽ പ്രഖ്യാപനം

പി.ഐ. കുര്യൻ

“നീ ദൈവപുത്രനായ ക്രിസ്തു തന്നെയോ” എന്ന് ന്യായാധിപസംഘാധ്യക്ഷനായ കയ്യഫാവു, ദൈവത്തെക്കൊണ്ട് ആണയിട്ടു ചോദിച്ച വിധിനിർണ്ണായകമായ ചോദ്യത്തിന് നമ്മുടെ കർത്താവു നൽകിയ സുദൃഢമായ മറുപടിയായിരുന്നുവല്ലോ മുന്നൊരു ലക്കത്തിൽ നാം ചിന്തിച്ചവസാനിപ്പിച്ചത്. സർവ്വലോകശ്രദ്ധേയമായ പ്രസ്തുത മറുപടിയുടെ മാഹാത്മ്യത്തെക്കുറിച്ചു കൂടുതലായി ചിന്തിക്കുന്നതിനു മുമ്പേ നാം നടുമുറ്റത്തു നടന്ന ഒരു സംഭവത്തെക്കുറിച്ചു ആലോചിക്കുകയുണ്ടായി. വീണ്ടും നമുക്കു ആ വിസ്താരരംഗത്തിലേക്കു തന്നെ കടക്കാം,

“എളിയവനും ദുഃഖിതനുമായി, ‘മനുഷ്യനല്ല ഒരു കൃമിയത്രേ എന്നു പറയത്തക്ക നിലയിലേക്ക് നമ്മുടെ നിമിത്തം താണിറങ്ങിപ്പോകുന്നവനും ബന്ധനസ്ഥനും ആയി അവരുടെ മുമ്പിൽ മൗനമായി നിൽക്കുന്ന നമ്മുടെ കർത്താവ്, “ഞാൻ–ദൈവപുത്രനായ ക്രിസ്തു ആകുന്നു” എന്നു സമ്മതിച്ചു പറയുമെന്ന് ആ സദസ്സു പക്ഷെ പ്രതീക്ഷിച്ചിരിക്കയില്ല. കർത്താവിന്റെ പരസ്യശുശ്രൂഷാകാലത്തെ പ്രസ്താവനകളും പ്രവൃത്തികളും ഈ പ്രഖ്യാപനത്തിന് ഉപോൽബലകങ്ങളായിരുന്നുവെങ്കിലും, യിസ്രായേലിന്റെ മഹാപുരോഹിതന്മാരും മൂപ്പന്മാരും പ്രമാണികളും സമ്മേളിച്ചിരിക്കുന്ന ആ മഹാസദസ്സിൽ വച്ച്, തന്റെ നിര്യാണത്തിനു ഹേതുവെന്ന് അവൻ വിധിച്ചതും, കർത്താവ്, തന്റെ യാഥാർത്ഥ്യത്തെക്കുറിച്ച് നൽകിയതുമായ ആ “സത്യവാക്ക്മൂലം”, സർവ്വലോകാംഗീരയോഗ്യമായ ഒരു മഹാവിളംബരം തന്നെയാണ്. നമ്മുടെ പ്രതീക്ഷയുടെ ഉറപ്പേറിയ ഒരു നങ്കൂരമാണ് ഈ സമ്മതവാചകം. അതു നമ്മുടെ വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായവന്റെ ആളത്വത്തെ വ്യക്തമാക്കുന്നു. സർവ്വ സംശയങ്ങൾക്കും ഉപരിയായി ആ യാഥാർത്ഥ്യം നില കൊള്ളുന്നു. അപ്പോൾ അവരുടെ മുമ്പിൽ നിൽക്കുന്ന നിലയല്ല തന്റെ യഥാർത്ഥ നിലയെന്ന് വ്യക്തമാക്കേണ്ടതിന്, ഭാവിയെ മറയ്ക്കുന്ന തിരശ്ശീലയെ ചീന്തി തന്റെ അനന്തരസ്ഥിതിയെക്കൂടി അവൻ തുറന്നു കാണിച്ചു. “ഇനി മനുഷ്യപുത്രൻ സർവ്വശക്തന്റെ വലത്തുഭാഗത്തു ഇരിക്കുന്നതും ആകാശമേഘങ്ങളെ വാഹനമാക്കി വരുന്നതും നിങ്ങൾ കാണും” എന്നും കൂടി അവൻ, “ഞാൻ ആകുന്നു” എന്നതിനോടു ചേർത്തു പറഞ്ഞു.

യേശുക്രിസ്തു ആരാണ് എന്നതിനെക്കുറിച്ച് നമ്മുടെ കർത്താവ് അപ്പോൾ നൽകിയ സാക്ഷ്യത്തേക്കാൾ തെളിവായ സാക്ഷ്യം നൽകുവാനില്ല. ക്രിസ്തുവിന്റെ ദൈവത്വത്തെ സംശയിക്കുന്ന ഏവരോടുമുള്ള ഒരു മഹത്തായ വെല്ലുവിളിയാണത്. തിരുവെഴുത്തുകളിൻ പ്രകാരം പാപത്തിന്റെ പ്രായശ്ചിത്തയാഗമാകുവാൻ പോകുന്നവൻ അതിനു യഥാർത്ഥത്തിൽ പ്രാപ്തനാണോ എന്നതിനെ തെളിയിക്കുന്ന ഒരു സാക്ഷ്യമാണിത്. അതേ, അവൻ അരുളിച്ചെയ്തത് സത്യമായിരിക്കയാൽ ആ പ്രസ്താവനയെ അതർഹിക്കുന്ന ഘനത്തിൽ തന്നെ അംഗീകരിക്കാത്തവൻ നശിച്ചുപോകുമെന്നുള്ളത് നിസ്സംശയമാണ്. അവനിൽ വിശ്വസിക്കുന്നവനു നിത്യജീവനുണ്ട്. അവനിൽ വിശ്വസിക്കാത്തവനോ ജീവനെ കാണുകയില്ല. ദൈവക്രോധം അവന്റെ മേൽ വസിക്കുന്നതേയുള്ളൂ. അതിനാൽ ന്യായാധിപസംഘത്തിന്റെ മുമ്പിൽ വച്ചും എത്രയും യോഗ്യമായ സാക്ഷ്യം നൽകിയ കർത്താവായ യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി അംഗീകരിക്കാത്ത ആരെങ്കിലും അതു വായിക്കുന്നുവെങ്കിൽ ഈ സാക്ഷ്യത്തിന്റെ മുമ്പാകെ അവർ തങ്ങളെ വിനയപ്പെടുത്തി അവനെ രക്ഷിതാവായി അംഗീകരിക്കട്ടെ.

‘ഞാൻ ആകുന്നു’ എന്ന സ്ഥാപനയെ ‘ആമേൻ’ എന്നു പറഞ്ഞുകൊണ്ട് ഹൃദയംഗമമായി അവനെ സ്വീകരിപ്പാൻ സന്നദ്ധതയുള്ള ആയിരമായിരം വിശുദ്ധന്മാർ അന്നുമുതൽ ഇന്നുവരെയുമുണ്ട്. ഇനിയുമുണ്ടാകും, ആദ്യന്തമില്ലാത്ത ദൈവപുത്രൻ ഭൂമിയെ ശൂന്യത്തിന്മേൽ തൂക്കിയിടുമ്പോൾ അവന്റെ അടുക്കലുണ്ടായിരുന്ന സാറാഫുകൾ ഈ സാക്ഷ്യത്തെ സ്വർണ്ണവീണാരവത്തോടു കൂടി സ്വാഗതം ചെയ്യും. സ്വർഗ്ഗം മുമ്പേ തന്നെ “ഇവൻ എന്റെ പ്രിയ പുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു” എന്ന അരുളപ്പാടിനാൽ ഈ സാക്ഷ്യത്തിന് സമ്മതം നൽകീട്ടുണ്ട്. ഭൂതങ്ങൾ പോലും അതറിയുന്നുണ്ട്. എങ്കിലും ഇന്ന് അനേകർക്കു അവന്റെ ദൈവത്വത്തെ സമ്മതിപ്പാൻ പ്രയാസമായിരിക്കുന്നതു കഷ്ടം തന്നെ.

വന്ദ്യനായവന്റെ പുത്രൻ മനുഷ്യപുത്രനായിത്തീർന്നിരിക്കുന്നു. ഈ മനുഷ്യപുത്രന്റെ അനന്തരസ്ഥിതികൾ എന്തായിരിക്കുമെന്നാണ് അടുത്ത വാചകത്തിൽ സ്പഷ്ടമാക്കിയത്. തിരുവെഴുത്തുകളെ ശോധന ചെയ്യുന്നവർ അവിടെ ഉണ്ടായിരുന്നെങ്കിൽ ആ പ്രസ്താവനയെക്കുറിച്ച് അവർക്കു ഗ്രഹിക്കാമായിരുന്നു. 110–ാം സങ്കീർത്തനത്തിൽ ‘യഹോവ എന്റെ കർത്താവിനോട് ‘നീ എന്റെ വലത്തുഭാഗത്തിരിക്ക” എന്നരുളിച്ചെയ്യുന്നു എന്നു കാണാം, സകലശത്രുക്കളും തന്റെ പാദപീഠമാകുന്നതുവരെയുള്ള ഇരിപ്പിനെ അതായതു നമ്മുടെ കർത്താവിന്റെ ആധുനിക നിലയെയാണ് ഇത് സൂചിപ്പിക്കുന്നത്. മർക്കോസ് സുവിശേഷം ഒടുവിലായി നാം വായിക്കുന്നത് അവൻ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ട് “ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരുന്നു” എന്നാണല്ലോ. തന്റെ ദാസന്മാർക്കു വേണ്ടി പക്ഷവാദം ചെയ്യുന്നതിന് അവൻ ചിലപ്പോൾ എഴുന്നേറ്റു നിൽക്കയും ചെയ്യും. സ്തേഫാനോസ് ആ നിലയിലാണ് അവനെ കണ്ടത്. അവിടെയും “മനുഷ്യപുത്രൻ ദൈവത്തിന്റെ വലത്തുഭാഗത്തു” തന്നെ. കർത്താവു തന്നെക്കുറിച്ച് “മനുഷ്യപുത്രൻ എന്നാണിവിടെ പറയുന്നത്. എന്നാൽ ആ മനുഷ്യപുത്രൻ “തന്റെ പ്രാണനെ മരണത്തിനു

ഒഴുക്കിക്കളകയും അനേകരുടെ പാപം വഹിച്ച് അനേകർക്കുവേണ്ടി ഇടനിൽക്കയും ചെയ്തതുകൊണ്ട് മഹാന്മാരോടു കൂടി ഓഹരി പ്രാപിക്കയും ബലവാന്മാരോടു കൂടി കൊള്ള പങ്കിടുകയും ചെയ്യും.

അവന്റെ പ്രസ്താവനയുടെ രണ്ടാം ഭാഗം മനുഷ്യപുത്രന്റെ തേജസ്സോടു കൂടിയ പ്രത്യക്ഷതയെയാണ് പ്രകാശിപ്പിക്കുന്നത്. അതും അവരുടെ കൈയിലിരിക്കുന്ന തിരുവെഴുത്തിൽ ഉണ്ട്. ദാനിയേൽ പ്രവചനം 7:13–14 നോക്കുക, "മനുഷ്യപുത്രനോടു സദൃശനായ ഒരുത്തൻ ആകാശമേഘങ്ങളോടെ വരുന്നതുകണ്ടു" മനുഷ്യപുത്രന്റെ തേജസ്സോടു കൂടിയ വരവ് എന്ന സംജ്ഞയാൽ നിർദ്ദേശിക്കുന്നത്, യിസ്രയേലിന്റെ ഉദ്ധാരണത്തിനായി അവൻ ഭൂമിയിലേക്കു വരുന്നതിനെയാണ്. സഭയ്ക്കു വേണ്ടിയുള്ള മേഘപ്രത്യക്ഷതയെ മണവാളന്റെ വരവായിട്ടും വിവരിക്കുന്നു. സഭായുഗത്തിന്റെ അന്ത്യഘട്ടത്തിൽ അവൻ മേഘത്തിൽ പ്രത്യക്ഷനാകയും, തന്നിൽ വിശ്വസിച്ചു നിദ്ര പ്രാപിച്ചവരെ ഉയിർപ്പിച്ചും, ജീവനോടിരിക്കുന്ന വിശുദ്ധന്മാരെ രൂപാന്തരപ്പെടുത്തിയും തങ്കലേക്കു എടുക്കയും ചെയ്യും. അതിന്റെശേഷം യിസ്രായേലിന്റെ 70–ാം ആഴ്ചവട്ടം ആരംഭിക്കയും ഒരു "അന്യനെ" അവർ അധിപതിയായി സ്വീകരിക്കുകയും ചെയ്യും. അവൻ ആ ഏഴ് സംവത്സരത്തിന്റെ മധ്യം മുതൽ യിസ്രായേലിനെ വല്ലാതെ പീഡിപ്പിക്കയും അവർക്കു മഹോപദ്രവം നേരിടുകയും അവർ വല്ലാതെ വിലപിക്കയും "തങ്ങൾ കുത്തീട്ടുള്ളവങ്കലേക്കു നോക്കുകകയും ചെയ്യും. "കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ" എന്നു അവർ അന്നു പറയും. അന്നാളിൽ നമ്മുടെ കർത്താവും, തന്നോടു കൂടെ ഇരിക്കുന്ന ആയിരമായിരം വിശുദ്ധന്മാരോടു കൂടി ഭൂമിയിലേക്ക് തേജസ്സോടു കൂടി ഇറങ്ങും. ഇത് അവർ കാണും എന്നാണ് അവൻ ഇവിടെ വ്യക്തമാക്കുന്നത്. വെളിപ്പാടു പുസ്തകത്തിൽ നാം വായിക്കുന്നതും അതു തന്നെ "ഇതാ അവൻമേഘാരൂഢനായി വരുന്നു. ഏതു കണ്ണും, അവനെ കുത്തിത്തുളച്ചവരും അവനെ കാണും".

യിസ്രായേലിന്റെ വീട് പണിയുന്നവർ അവനെ തള്ളിക്കളഞ്ഞ് തോട്ടത്തിന്റെ കൈവശാവകാശം പൂർണ്ണമാക്കുവാൻ ബദ്ധപ്പെടുന്നു. അവനാകട്ടെ അവരുടെ കഷ്ടതയുടെ പാരമ്യത്തിൽ, അതിന്റെ മൂർദ്ധന്യാവസ്ഥയിൽ അവരെ വിടുവിപ്പാൻ ആഗതനാകാമെന്നും, അവനല്ലാതെ മറ്റാരുമല്ല അവരെ വിടുവിപ്പാനുള്ളതെന്നും വ്യക്തമാക്കുന്നു. അവൻ തന്റെ പ്രസ്താവനയിൽ ഇങ്ങനെ അർത്ഥമാക്കുന്നതായി നമുക്ക് എടുക്കാം. ... അല്ലയോ, യിസ്രയേലെ, നിങ്ങൾ ഇന്ന് എന്നെ ഇല്ലാതാക്കുവാൻ നോക്കുന്നു. എന്നാൽ നിങ്ങളെ ഉദ്ധരിപ്പാനുള്ളവൻ ഞാൻ മാത്രമാണ്. "വിശുദ്ധന്മാരെ ഒടുക്കിക്കളകയും സമയങ്ങളേയും നിയമങ്ങളേയും മാറ്റുവാൻ ശ്രമിക്കയും'' ചെയ്യുന്ന അധർമ്മമൂർത്തിയുടെ ആധിപത്യത്തിനു അവസാനം വരുത്തുവാൻ എന്റെ തേജസ്സിന്റെ പ്രത്യാഗമനം അനുപേക്ഷണീയമാണ്. അതു നിങ്ങളുടെ നിമിത്തമല്ല എന്റെ സ്നേഹിതനായ അബ്രഹാമിനോടു ഞാൻ ചെയ്ത നിയമം പാലിക്കാനും കൂടിയാണ് എന്ന് നിങ്ങൾ അറിഞ്ഞുകൊൾവിൻ" ഇതും ഇതിലധികവും നമ്മുടെ കർത്താവിനു പറയുവാനുണ്ട്. പക്ഷെ അവൻ വിശേഷാൽ ഒന്നും പറഞ്ഞില്ല. തന്റെ പ്രഖ്യാപനത്തെ വിശദീകരിക്കയോ പിൻവലിക്കയോ ചെയ്യാൻ അവനാവശ്യമില്ല.

തന്റെ പ്രത്യക്ഷതയുടെ പ്രഭാവത്തെക്കുറിച്ച് ചില ദിവസങ്ങൾക്കുമുമ്പ് ഒലിവുമലയിൽവെച്ച് അവൻ തന്റെ ശിഷ്യന്മാരോടു പറഞ്ഞിട്ടുണ്ട്. അവരുടെ ആശ്വാസത്തിനായി അന്ന് അവൻ അതു പറഞ്ഞു. ഇപ്പോഴൊ, അവിടെ സന്നിഹിതരായിരിക്കുന്നവരുടെ ഭയനിർദ്ദേശത്തിനായും വിപൽപ്രബോധനത്തിനായും ഇങ്ങനെ പ്രഖ്യാപിച്ചു. തന്റെ സ്വർഗ്ഗാരോഹണസമയത്തു ഒരു മേഘം അവനെ മൂടീട്ട് അവൻ അവരുടെ കാഴ്ചയ്ക്കു മറഞ്ഞു. ഇനി ഒരിക്കൽ ഒരു മേഘം മാറീട്ട് അവൻ വെളിപ്പെടും.


ഇങ്ങനെ അവന്റെ ഭാവി ഔന്നത്യവും മഹത്വപ്രത്യക്ഷതയും ഈ മഹാസദസ്സിൽ അവൻ വെളിവാക്കി. അതിന്റെ ഫലവും ഉടനെ തന്നെ വ്യക്തമായി. എന്തുതന്നെ വന്നാലും ആ നാഴികയിലേക്കാണല്ലോ അവൻ നിയമിതനായിരിക്കുന്നത്? അതിനാൽ അവൻ അമ്പരന്നു പോയില്ല.

ഈ പ്രശാന്തഗംഭീരമായ പ്രഖ്യാപനം ആ സദസ്സിൽ എന്തുളവാക്കി എന്നു നോക്കാം. "ഉടനെ മഹാപുരോഹിതൻ വസ്ത്രം കീറി" എന്നു നാം വായിക്കുന്നു. ഇതും ചിന്താർഹമായ ഒരു സംഭവമാണ്. ദുഃഖകരമായ വർത്തമാനങ്ങൾ കേട്ടപ്പോൾ വസ്ത്രം കീറിയതായ ചില സന്ദർഭങ്ങൾ പുസ്തകത്തിൽ ഉണ്ട്. യോബ് ഒരിക്കൽ അങ്ങനെ ചെയ്തു. അവന്റെ സ്നേഹിതന്മാർ യോബിന്റെ ദയനീയാവസ്ഥ കണ്ടപ്പോൾ അപ്രകാരം ചെയ്തു. റബ്-ശാക്കെയുടെ ഭീഷണിപ്രയോഗം കേട്ട് മന്ത്രിയും രാജാവും വസ്ത്രം കീറി. എന്നാൽ മഹാപുരോഹിതൻ ഇവിടെ ചെയ്തതു ശരിയാണോ? അവന്റെ ഭക്തിയെയും മതവൈരാഗ്യത്തേയും പ്രകടമാക്കാനാണെന്നുള്ള ഭാവത്തിലാണ് അവൻ വസ്ത്രം കീറിയത്. പക്ഷെ മഹാപുരോഹിതൻ വസ്ത്രം കീറരുതെന്ന് തിരുവെഴുത്തിൽ രണ്ടുഭാഗത്തു വ്യക്തമായി പറഞ്ഞിട്ടുണ്ട്. (ലേവ്യ. 10:6;21, 20, നോക്കുക) അതിനാൽ ഈ മഹാപുരോഹിതൻ അറിയാതെ തന്നെ ഒരു കാര്യത്തിന്റെ നിവൃത്തിയിൽ വരികയാണ് ചെയ്തത്. ദൈവാലയത്തിലെ തിരശ്ശീലയുടെ കീറൽപോലെ ഈ കീറലും ഒരു പുതിയ പ്രകാശം നൽകുകയാണ് ചെയ്യുന്നത്. ലേവ്യാപൗരോഹിത്യത്തിനു നീക്കം വന്നുവെന്നും, തന്റെ മുമ്പിൽ നിൽക്കുന്നവൻ മെൽക്കിസെദേക്കിന്റെ ക്രമപ്രകാരമുള്ള പൗരോഹിത്യം പ്രാപിച്ചിരിക്കുന്നുവെന്നും ഇതു വ്യക്തമാക്കുന്നു. കയ്യാഫാവ് ആ സംവത്സരത്തെ മഹാപുരോഹിതനാകയാൽ അവൻ ക്രിസ്തുവിന്റെ പ്രാതിനിധ്യമരണത്തെക്കുറിച്ച് സൂചിപ്പിച്ചതുപോലെ ഈ കാര്യവും ചെയ്തതായി വിചാരിക്കാം. ശൗൽ രാജാവ് ശമുവേലിന്റെ അങ്കിയുടെ വിളുമ്പിൽപിടിച്ചപ്പോൾ അതു കീറിപ്പോയത് ശൗലിന്റെ രാജത്വം അവങ്കൽ നിന്നു കീറി അവനേക്കാൾ ഉത്തമനായവന് കൊടുത്തിരിക്കുന്നതായി ശമുവേൽ പ്രസ്താവിച്ചതുപോലെ ഈ കാര്യവും സംഭവിച്ചു. നമുക്കും കയ്യാഫാവോടു ഇങ്ങനെ പറയാം. കർത്താവിന്റെ സത്യവചനം കേട്ടിട്ട് നീ ചെയ്തത് എന്ത് നീ വസ്ത്രം കീറുകയല്ല വേണ്ടിയിരുന്നത് യോവേൽ പ്രവചനത്തിൽ പറയുന്നതു പോലെ (2:13) നിന്റെ ഹൃദയത്തെതന്നെ കീറി നിന്റെ മുമ്പിൽ നിൽക്കുന്നവന്റെ സന്നിധിയിൽ നമസ്കരിക്കയാണ് വേണ്ടത്. അങ്ങനെ ചെയ്യാതെ നീ നിന്റെ വസ്ത്രം കീറിയതിനാൽ നിങ്ങളുടെ മഹാപൗരോഹിത്യത്തിനും നീക്കം ഭവിച്ചിരിക്കുന്നു. അതിനു സാക്ഷാൽ അവകാശിയായവൻ വന്നിരിക്കയാൽ "രാജാവില്ലാതെയും പുരോഹിതന്മാർ ഇല്ലാതെയും യാഗമില്ലാതെയും" ഇനി നിങ്ങൾ കഴിയേണ്ടിവരും. നന്നാക്കുവാൻ നിർവ്വാഹമില്ലാത്ത കീറൽ ആണ് അവിടെ നടന്നത്.

ഏതാനും കാലത്തിനകം ദേവാലയവും രാജത്വവും രാജ്യവും അവർക്കു നഷ്ടമായി. അങ്ങനെ ഹോശയ 3:4 ഇന്നു നിവൃത്തിയിൽ ഇരിക്കുന്നു. എങ്കിലും പലരും ഇന്ന് ആ അങ്കിയെ തുന്നി ധരിപ്പാനും കീറിപ്പോയ ആ തിരശ്ശീല തൂക്കിയിടുവാനും ശ്രമിക്കുന്നത് രസകരമാണ്. മാറിപ്പോയതു എന്തെന്നും അവയുടെ സാക്ഷാൽ പൊരുൾ എന്തായിരുന്നു എന്നും ഗ്രഹിക്കാത്തതിനാൽ വരുന്ന കുഴപ്പമാണിത്.


കള്ളസാക്ഷികളുടെ വാമൊഴിയാൽ അല്ല, തന്റെ സ്വന്തസാക്ഷ്യത്തിന്റെ ഫലമായി, അതായത് തന്റെആളത്വത്തിന്റെ യാഥാർത്ഥ്യം വെളിപ്പെടുത്തിയതിന്റെ ഫലമായി അവർ അവനെ മരണശിക്ഷക്കു വിധിച്ചതിൽ ഒരു തരത്തിൽ സമാധാനപ്പെടാം. എന്നാൽ അവന്റെ പ്രഖ്യാപനം ദൈവദൂഷണമാണെന്ന് വിധിച്ചത് എന്തു ന്യായത്താലാണെന്നു വ്യക്തമാകുന്നില്ല. ക്രിസ്തു തനിക്കു അർഹതയില്ലാത്ത ഒരു പ്രസ്താവനയാണ് ചെയ്തതെന്ന് അവന്റെ ഇതഃപര്യന്തമുള്ള വാക്കുകളുടെയും തദനുസരണമായ പ്രവൃത്തികളുടെയും വെളിച്ചത്തിൽ തെളിയിപ്പാൻ ആ ന്യായാധിപസംഘത്തിനു സാധ്യമല്ല. അവന്റെ പ്രഖ്യാപനത്തെ അസാധുവാക്കുന്ന ഒരൊറ്റ ന്യായമെങ്കിലും പറവാൻ അവർക്കില്ല. എങ്കിലും അവരുടെ തീരുമാനമെന്തെന്നു നോക്കുക! *(തുടരും)*

# മഹത്വത്തിൽ



**റാന്നി:** ഉതിമൂട് ചേന്നംകര തോമസ് മാത്യു (കുഞ്ഞൂഞ്ഞ് –90) 26.6.12 ൽ കർത്തൃസന്നിധിയിൽ പ്രവേശിച്ചു. 30.6.12 ൽ ഉതിമൂട് ബ്രദറൺ സഭയിലെ ശുശ്രൂഷകൾക്ക് ശേഷം സ്ഥലം സഭ സെമിത്തേരിയിൽ സംസ്ക്കരിച്ചു. ഭാര്യ കീക്കൊഴൂർ പൊട്ടക്കുളത്ത് പരേതയായ സാറാമ്മ മാത്യു. മക്കൾ: ലിസ്സിക്കുട്ടി, രാജു, സോമൻ (ഡാളസ്), ജോയ്സ്, ജോളി, ഷാബു(ബഹറിൻ), സാജൻ(ദുബൈ), ജെസ്സി (ഫ്ളോറിഡ). മരുമക്കൾ: ജോസ് താമരവേലിൽ തിരുവല്ല, ലാലു താമരവേലിൽ തിരുവല്ല, സാലി (ഡാളസ്), ബാബു ആശാരിയേത്ത് അടൂർ, രാജു മുളമ്പള്ളിൽ കല്ലിശ്ശേരി, നിമ്മി കൊരവയ്ക്കൽ (മുംബൈ) സൂസൻ കോടത്തേത് റാന്നി, സാം കാര്യാലിൽ (ഫ്ളോറിട)

**കോട്ടയം:** പുതുപ്പള്ളി കിഴക്കേ പറമ്പിൽ കെ. ജേക്കബ് ആൻഡ്രൂസ് (59) ജൂൺ 16–ന് കർത്തൃസന്നിധിയിൽ പ്രവേശിച്ചു. ദീർഘവർഷങ്ങൾ ഗുജറാത്തിൽ അഹമ്മദാബാദ്, വാപ്പി സഭകളിൽ കർത്താവിനെ ആരാധിച്ചുപോന്നു. 20.6.12–ൽ പുതുപ്പള്ളി ബ്രദറൺ സഭ സെമിത്തേരിയിൽ സംസ്ക്കാരംനടന്നു.



**മേൽപ്പാടം:** അങ്കമാലിൽ എ.ജി.തോമസ് (തങ്കച്ചൻ –90) 11.6.12 ൽ കർത്തൃസന്നിധിയിൽ പ്രവേശിച്ചു. 16.6.12 ൽ മേൽപ്പാടം ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്ക്കരിച്ചു. ഭാര്യ ഓതറ കരുവേലിൽതറയിൽ ചിന്നമ്മ തോമസ് മക്കൾ: തോമസ് വർഗ്ഗീസ്, തോമസ് മാത്യു (യു.എസ്.എ) ജോൺ തോമസ്, ചെറിയാൻ തോമസ് (ഡെൽഹി) സൂസമ്മ തോമസ് തടിയൂർ, സുവി. അലക്സ് മേൽപ്പാടം.



**പന്തളം:** കിഴക്കേപ്പുറത്ത് കിഴക്കേതിൽ ജോസ് വർഗ്ഗീസ് 52 മഹത്വത്തിൽ പ്രവേശിച്ചു. 6.7.2012 ൽ ഭവനത്തിലെ ശുശ്രൂഷകൾക്ക് ശേഷം സഭാ സെമിത്തേരിയിൽ സംസ്ക്കരിച്ചു.



**റാന്നി:** ഐത്തല മേപ്രത്ത് പരേതനായ എം.ജെ. ഏബ്രഹാമിന്റെ മകൻ വിൽസൻ ഏബ്രഹാം (46) മഹത്വത്തിൽ പ്രവേശിച്ചു. 9.7.12 ൽ വസതിയിലെ ശുശ്രൂഷകൾക്ക് ശേഷം ഐ.പി.സി. ബഥേൽ ടൗൺ സെമിത്തേരിയിൽ സംസ്കാരം നടത്തി. ഭാര്യ വല്ലാംപറമ്പിൽ മിനി, മക്കൾ: റോയി, റോണി, റോജ.



**കൊട്ടാരക്കര:** ഗ്ലോറി ഭവൻ (പാറവിളയിൽ) സഹോദരൻ സാമുവേൽ ജോൺ (ബേബിക്കുട്ടി–62) ജൂൺ 27ന് കർത്തൃസന്നിധിയിലേക്ക് പ്രവേശിച്ചു. പുലമൺബ്രദറൺ സഭാംഗവും മൂപ്പന്മാരിൽ ഒരാളും ആയിരുന്നു. സംസ്കാരം ജൂലൈരണ്ടിന് പുലമൺ ബ്രദറൺ സഭയുടെ ചുമതലയിൽ അനേക ദൈവമക്കളുടെ സാന്നിദ്ധ്യത്തിൽ നടന്നു.

**കോട്ടയം:** ളാക്കാട്ടൂർ തെക്കേപള്ളിയിൽ കെ.കെ. വർഗീസ് (79) മഹത്വത്തിൽ പ്രവേശിച്ചു. ഭൗതിക ശരീരം അനേക ദൈവമക്കളുടെ സാന്നിധ്യത്തിൽ ജൂൺ 25 ന് തോട്ടപ്പള്ളിയിലുള്ള ളാക്കാട്ടൂർ ബ്രദറൺ സെമിത്തേരി യിൽ സംസ്കരിച്ചു. മേലുകാവുമറ്റത്തുപ്രവർത്തിക്കുന്ന സുവിശേഷകൻ റ്റി.വി. മാത്യുവിന്റെ പിതാവാണ് പരേതൻ.

## രോഗികൾ:

**മധുരൈ:** ജെയിംസ് പുന്നയ്യായുടെ ഭാര്യ ഈശ്വരി എസ്തേർ ക്യാൻസർ രോഗത്താൽ ഭാരപ്പെടുന്നു.

**ത്സാർഗണ്ട്:** സഹോദരി മീനാക്ഷി ബ്ലോസം ട്യൂബർ കൊളോസിസ് രോഗത്താൽ ഭാരപ്പെടുന്നു.

**ന്യൂഡൽഹി:** വി.പി. പൗലോസ് ക്യാൻസറിന് സർജ്ജറി കഴിഞ്ഞ് വെന്റിലേറ്ററിൽ കഴിയുന്നു.

**ലുധിയാന:** സുവി. മദൻ പോളിന്റെ ഭാര്യ മോളി പോൾ റേഡിയേഷൻ എടുത്തുകൊണ്ടിരിക്കുന്നു.

**ഹൈദ്രബാദ്:** സുനിൽ ബേബിയുടെ മാതാവ് മോളി ബേബി കരൾ സംബന്ധമായ ക്യാൻസർ രോഗത്താൽ ഭാരപ്പെടുന്നു.

## ബ്രദറൺ അസംബ്ലി മലാങ്കടവ് – കാസർകോഡ്

ഈ സ്ഥലം സഭയോട് ചേർന്ന് അനേക നാളുകളായി കർത്താവിന്റെ വേലയിലും സഭയുടെ ശുശ്രൂഷകളിലും വളരെ പ്രയോജനപ്പെട്ടുകൊണ്ടിരുന്ന സഹോദരനാണ് ബേബിച്ചൻ കീമറ്റം. തനിക്ക് ഭാര്യയും 10, 8, 5 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന മൂന്ന് മക്കളുമുണ്ട്. താൻ കണ്ണൂർ ജില്ലയിൽ പേരാവൂർ എന്ന സ്ഥലം കേന്ദ്രമാക്കി നിടുംപൊയ്യിൽ പൂക്കുറ്റി നെടുംപുറംചാൽ തുടങ്ങി പരിസരപ്രദേശങ്ങളിലും കാസർകോഡ് ജില്ലയിലെ സുവിശേഷകന്മാരോടും ചേർന്ന് സ്ഥലം സഭ രൂപീകരണം ലക്ഷ്യമാക്കി കഴിഞ്ഞ രണ്ടുവർഷമായി പ്രവർത്തിച്ചുവരുന്നു. എന്നാൽ 2012 ഏപ്രിൽ മുതൽ ഒരു വീട് വാടകയ്ക്ക് എടുത്ത് താൻ കുടുംബമായി പേരാവൂർ താമസിച്ച് പ്രവർത്തനം നടത്തുന്നു. പ്രിയ സഹോദരന്റെ പ്രവർത്തനത്തെയും തന്റെ ആവശ്യങ്ങളെയും ഓർത്ത് ദൈവജനം പ്രാർത്ഥിക്കേണമെ. സഭയ്ക്കുവേണ്ടി, പി.എ. രാജു, കെ.ജെ. തോമസ്, തോമസ് തെക്കേക്കര.

**സഹോദരന്റെ പുതിയ വിലാസം:**
ബേബിച്ചൻ കീമറ്റം, നന്ദനിയ ഭവൻ, പേരാവൂർ പി.ഒ., കണ്ണൂർ ജില്ല, കേരള – 670673.

# niyogam

BRETHREN VARTHA PATHRIKA

2012 ജൂലൈ 5


## സുവിശേഷ വയലിലേക്ക്

കോഴിക്കോട് ജില്ലയിൽ കോടഞ്ചേരി ഹെബ്രോൺ ബ്രദറൺ ചർച്ച് സഭാംഗമായ പി.എം. പത്രോസിന്റെയും ഏലിക്കുട്ടിയുടെയും ഏകമകനാണ് സോണി പീറ്റർ. യാക്കോബായ പശ്ചാത്തലത്തിൽ രക്ഷിക്കപ്പെട്ട് മുന്നോട്ട് വന്ന കുടുംബമാണ്. സോണി പീറ്റർ 1998-ൽ രക്ഷിക്കപ്പെടുവാനും 2003-ൽ സ്നാനപ്പെടുവാനും കർത്താവ് കൃപ ചെയ്തു. സ്കൂൾ വിദ്യാഭ്യാസത്തിന് ശേഷം 2008-11 കാലയളവിൽ പത്തനംതിട്ട ബി.ബി.ഐ. നിന്നും B.Th ബിരുദം എടുത്ത് ഈ ബാച്ചിലെ ഏറ്റവും നല്ല വിദ്യാർത്ഥിയായി ബി.ബി.ഐ. തിരഞ്ഞെടുത്തു. ഈ കാലയളവിൽ സുവിശേഷവേലക്കുള്ള വിളി ബോദ്ധ്യപ്പെടുവാനും തീരുമാനം എടുക്കുവാൻ ദൈവം സഹായിച്ചു. കഴിഞ്ഞ ഒരു വർഷമായി സഭയോട് ചേർന്നു വിവിധ ശുശ്രൂഷകൾ ചെയ്തു വരുന്നു. സ്വന്ത സ്ഥലത്തും പരിസരപ്രദേശങ്ങളിലും കർത്താവിന്റെ വേല ചെയ്തു വരുന്നു. കൂടാതെ വൈ.എം.ഇ.എഫ്. ബാലസംഘം, വി.ബി.എസ് എന്നീ പ്രവർത്തനങ്ങളിലും സജീവമായിരിക്കുന്നു.

സോണി പീറ്ററിന്റെ സുവിശേഷവേലയ്ക്കുള്ള വിളിയും തിരഞ്ഞെടുപ്പും സഭയ്ക്ക് ബോദ്ധ്യപ്പെട്ടതിനാൽ തന്നെ സുവിശേഷകനായി അംഗീകരിച്ചിരിക്കുന്നു. ദൈവമക്കളുടെ വിലയേറിയ പ്രാർത്ഥനയ്ക്കും സഹകരണത്തിനും സഭകളുടെ അറിവിലേക്കും പരസ്യപ്പെടുത്തുന്നു. എന്ന് സഭയ്ക്കുവേണ്ടി സുവി. കെ. എസ്. മാത്യു. **വിലാസം** Sony Peter, Palachuvattil (H), Meemutty P.O., Kodenchery, Kozhikose - 673 580

## ഹെബ്രോൻ ബ്രദറൺ അസംബ്ലി ഹാളിന്റെ സ്തോത്ര ശുശ്രൂഷ നടന്നു

കർത്താവിന്റെ അളവറ്റ കൃപയാൽ കോടഞ്ചേരിയിൽ പുതിയതായി പണി കഴിപ്പിച്ച സഭാഹാളിന്റെ സ്തോത്ര ശുശ്രൂഷ 17-5-12 വ്യാഴാഴ്ച രാവിലെ 10 മണിക്ക് ആരംഭിക്കുവാൻ കർത്താവ് സഹായിച്ചു. അനേക സഭാവിശ്വാസികളുടെയും സുവിശേഷകന്മാരുടെയും ദേശനിവാസികളുടെയും സാന്നിദ്ധ്യത്തിൽ റ്റി. ഇ. പൗലോസ് കോഴിക്കോട് പ്രാർത്ഥിച്ചു ഓപ്പണിങ്ങ് ശുശ്രൂഷ നിർവ്വഹിച്ചു. തുടർന്ന് ഷാജി ബി. ഉമ്മന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ സുവി. വി. പി. പൗലോസ് ഉദ്ഘാടനപ്രസംഗവും സമർപ്പണ പ്രാർത്ഥനയും നടത്തി.

മറ്റ് കർത്തൃദാസന്മാർ വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു. സുവി. ജോസ് മാങ്കുടിയുടെ സമാപന സന്ദേശത്തോടെ പ്രാർത്ഥിച്ച് ശുശ്രൂഷകൾ അവസാനിപ്പിച്ചു. തുടർന്നും കോടഞ്ചേരിയിലെ സഭയെയും പ്രവർത്തനങ്ങളെയും ദൈവമക്കളുടെ വിലയേറിയ പ്രാർത്ഥനയിൽ ഓർത്താലും.

എന്ന് സഭയ്ക്ക് വേണ്ടി സുവി. കെ. എസ്. മാത്യു

## മലബാറിൽ ഒരു മാതൃകാ കല്യാണം

മകളുടെ വിവാഹത്തോടു അനുബന്ധിച്ചു 15 പെൺകുട്ടികളുടെ വിവാഹത്തിനുള്ള സഹായം നൽകിക്കൊണ്ട് പയ്യന്നൂരിൽ ഒരു ബ്രദറൺ കുടുംബം മാതൃകയായി. 6 അക്രൈസ്തവ കുടുംബംങ്ങൾക്കും 9 ബ്രദറൺ കുടുംബങ്ങൾക്കും ഇത് ആശ്വാസമാകും. മീൻതുള്ളി ബ്രദറൺ സഭയുടെ മൂപ്പൻമാരിലൊരാളും മലബാറിലെ സുവിശേഷ സ്നേഹിയുമായ കുറുമറ്റത്തിൽ കെ. യു തോമസ് തന്റെ ഇളയ മകൾ ജയയുടെ വിവാഹത്തിനു ശേഷം പയ്യന്നൂർ അയോദ്ധ്യ ഓഡിറ്റോറിയത്തിൽ 2012 ജൂൺ 18നു ഒരുക്കിയ സൽക്കാരത്തോടനുബന്ധിച്ച് നാട്ടുകാരും സുഹൃത്തുക്കളും സഭാജനങ്ങളും ഉൾപ്പെട്ട വൻ ജനാവലിയെ അത്ഭുതസ്തബ്ദരാക്കിക്കൊണ്ട് ഈ സന്തോഷ വാർത്ത ദൈവനാമ മഹത്വത്തിനായി പ്രസ്താവിച്ചത്. പിറ്റേന്നിറങ്ങിയ വർത്തമാനപത്രങ്ങളും ഇത് വലിയ തലക്കെട്ടോടെ വാർത്തയാക്കി. ക്രിസ്തുവിന്റെ സ്നേഹത്തിലധിഷ്ഠിതമായ നല്ല ശമര്യക്കാരന്റെ പ്രവൃത്തി എന്നാണ് പത്രങ്ങളെഴുതിയത്. ഒരു നിർധന പെൺകുട്ടിയുടെയും പേരുവിവരങ്ങൾ ഇവിടെ പരസ്യമാക്കിയിട്ടില്ല. മുസ്ലീം, ഹിന്ദു നേതാക്കൾ അർഹരായവർക്കു വിവാഹ ദിവസം നൽകുവാനള്ള തുകയുടെ ബോണ്ട് പേപ്പർ ഏറ്റുവാങ്ങി. കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണറായ സ്പർജൻകുമാർ IPS മുഖ്യാതിഥിയായിരുന്നു. അദ്ദേഹം ആന്ധ്രയിലെ ഗുണ്ടൂരിൽ നിന്നുള്ള നല്ലൊരു ബ്രദറൺ വിശ്വാസിയാണ്. ഇപ്പോൾ കോഴിക്കോട് സഭയിൽ കൂടിവരുന്നു. വ്യത്യസ്തകക്ഷിരാഷ്ട്രീയ മത സമുദായങ്ങളിൽ നിന്നും കൂടി വന്നവർക്ക് സഹോ. കുഞ്ഞുമോൻ തോട്ടപ്പള്ളി സുവിശേഷ സന്ദേശം നൽകി.

### വാകത്താനം

വാകത്താനം, പിച്ചനാട്ടുകുളം ബ്രദറൺ സഭയിൽ നിന്നും സുവിശേഷവേലയ്ക്കായി വേർതിരിക്കപ്പെട്ട സുവി. കെ. സി. സാബു,കാഞ്ഞിരപ്പള്ളിക്ക് അടുത്ത് കൂവപ്പള്ളിയിൽ കുടുംബമായി താമസിച്ച് കൂവപ്പള്ളിയിലും പരിസരപ്രദേശങ്ങളിലുമായി സുവിശേഷപ്രവർത്തനങ്ങൾ ചെയ്തു വരുന്നു. ഏപ്രിൽ മാസം 26-28 തീയതികളിൽ വി.ബി.എസും അതിനോടനുബന്ധിച്ച് രാത്രിയോഗങ്ങളും ഫിലിംപ്രദർശനവും നടത്തുവാൻ കർത്താവ് സഹായിച്ചു. അൻപത് കുട്ടികൾ വി.ബി.എസിൽ പങ്കെടുത്തു. ഇവർക്കായി എല്ലാ ആഴ്ചകളിലും ചിൽഡ്രൻസ് ക്ലബ് നടത്തി വരുന്നു. മെയ് മാസം 25-ാം തീയതി ഈ കുട്ടികൾക്ക് "ആശാനികേതൻ മിനിസ്ട്രിയുടെ സഹായത്തോടെ പഠനസഹായികൾ വിതരണം ചെയ്യുവാൻ ഇടയായി.

ഒരു സ്ഥലം സഭാ കൂടിവരവ് ലക്ഷ്യമാക്കി വിവിധ പ്രവർത്തനങ്ങൾ ഇവിടെ നടത്തി വരുന്നു. ഈ പ്രവർത്തനങ്ങളെയും സഹോദരനെയും കുടുംബത്തെയും പ്രാർത്ഥനയിൽ ഓർത്താലും.

എന്ന് സഭയ്ക്കു വേണ്ടി മുപ്പന്മാർ യോഹന്നാൻ നെടുത്തമൂല റ്റി. ഡി. ബാബു തൂമ്പുങ്കൽ സഹോദരന്റെ വിലാസം

**K. C. Sabu, "Beith-Shaar", Koovappally P.O., Kanjirappally - 686 518, Ph: 9746101039**

## കഞ്ഞിക്കുഴി – പഴയരികണ്ടം സഭാഹാൾ അഭ്യർത്ഥന

1994-ൽ പുതുപ്പള്ളി ബ്രദറൺ സഭയിൽ നിന്നും ബ്രദർ. കെ. എം. വർഗീസ് കർത്തൃശുശ്രൂഷകൾക്കായ് വേർതിരിഞ്ഞ് ഇടുക്കിയിൽ വന്ന് താമസിച്ച് സഹസുവിശേഷകന്മാരുടെയും വൈ. എം. ഇ. എഫ്. ന്റെയും സഹകരണത്തിൽ പ്രവർത്തനം നടത്തിയതിന്റെ ഫലമായി 98-ൽ ഇടുക്കി ബ്രദറൺ സഭ കൂടി വരവ് ആരംഭിക്കുകയുണ്ടായി. 10 വർഷങ്ങൾക്കുശേഷം ഇടുക്കിയിൽ നിന്നുകൊണ്ടുതന്നെ കഞ്ഞിക്കുഴി മേഖലയിൽ തുടങ്ങി വച്ച പ്രവർത്തനങ്ങളെയും ദൈവം അനുഗ്രഹിച്ചു കൊണ്ടിരിക്കുന്നു. അഞ്ച് കുടുംബങ്ങളിൽ നിന്ന് ഇപ്പോൾ 20ഓളം പേർ കൂടി വരുന്നു. ഇവിടെയും ഒരു സഭാഹോളിന് 12 സെന്റ് സ്ഥലം ദൈവജനത്തിന്റെ സഹകരണത്തോടെ വാങ്ങുവാൻ സാധിച്ചു. പട്ടയമില്ലാത്ത മേഖല ആയതിനാൽ സ്റ്റീവാർഡിന്റെ പേരിലല്ല 4 സഹോദരന്മാരുടെ പേരിൽ സഭയ്ക്കുവേണ്ടി സർവ്വേനമ്പർ 161/1 പ്രകാരം കൈവശാവകാശം എഴുതി വാങ്ങുകയാണുണ്ടായത്. ഇവിടെ ഒരു താല്ക്കാലിക ഷെഡ് കെട്ടി സഭയോഗങ്ങൾ നടന്നു വന്നിരുന്നു ഇപ്പോൾ അത് ഉപയോഗയോഗ്യമല്ലാതായി. മൂവാറ്റുപുഴ-തേനി സ്റ്റേറ്റുഹൈവേ പോകുന്ന വിസ്തൃതമായ പ്രദേശമാണ് ഇവിടം. ഇടുക്കി സഭ കഴിഞ്ഞാൽ ഈ റൂട്ടിൽ 51 കി. മീ. അകലെ പോത്താനിക്കാടാണ് നമ്മുടെ മറ്റൊരു കൂടിവരവുള്ളത്. വിശാലമായ ഒരു വേല സ്ഥലമാണ് ഇത്. പഴയരിക്കണ്ടം സഭയുടെ വളർച്ചയ്ക്കും പ്രവർത്തനത്തിന്റെ പുരോഗതിയ്ക്കും ഒരു ഹാൾ ഉണ്ടാകേണ്ടത് വളരെ അത്യാവശ്യമാണ്. കഴിഞ്ഞ നാളുകളിൽ വാങ്ങിയ സ്ഥലത്ത് 30 X 25 ചുറ്റളവിൽ പൗണ്ടേഷൻ ഇട്ടു ഹാൾ പണി ആരംഭിച്ചിരിക്കുകയാണ്. ഞങ്ങൾ എല്ലാവരും തന്നെ നിർദ്ധനരായതിനാൽ തനിയേ ഇതു നിവൃത്തിക്കുവാൻ കഴിയുകയില്ല. പ്രസ്തുത വലിപ്പത്തിലുള്ള ഹാൾ തീർക്കുന്നതിന് മെറ്റീരിയൽ, ലേബർ ചാർജ്ജ് ഉൾപ്പെടെ 5 ലക്ഷം രൂപ വേണമെന്ന് കണക്കാക്കുന്നു. ദൈവജനത്തിന്റെ അടിയന്തിരമായ പ്രാർത്ഥനയും, സഹകരണവും ഞങ്ങൾ സഭയായി അഭ്യർത്ഥിക്കുന്നു. Joint A/c No: 10910100133360, Federal Bank, Idukki, Pazhayarikandom, Bretheren Assembly. വിലാസം-: ബ്രദറൺ അസംബ്ലി, കഞ്ഞിക്കുഴി, പഴയരിക്കണ്ടം പി. ഒ., ഇടുക്കി-685606, Mob:9744149056


**NORTH INDIA BIBLE INSTITUTE, ALWAR**

An Assembly based, mission oriented institution with total commitment to bibilical doctrines.
The first Brethren Theological institution in North India.
An Institution with mission history completes 24 years of teaching.
Ministry offers Three Year Bachelor in Theology
Two year Diploma in Theology
Short Term Hindi Course - (Hindi)
NIBI Advantages : Located in Alwar - National capital region
Easy rail /road link connectivity from Delhi, Jaipur, Agra and Mathura
Best infrastructure
Sound Doctrinal exposure
Top Notch faculty from the Assemblies
Next Session starts from July
For details and applications contact
Director - NIBI, 148, Lajpat Nagar, Alwar 301001 Rajasthan
Ph: 0144-2336249, 2330223, 2337165, Mob : 094130 66102
Email:tjj148@gmail.com


## അരുമന സഭ

കന്യാകുമാരി ജില്ലയിലെ അരുമന മണലി ബ്രദറൺ സഭാപ്രവർത്തനങ്ങൾ അനുഗ്രഹകരമായി തുടരുവാൻ ദൈവം കൃപ നൽകിക്കൊണ്ടിരിക്കുന്നു. ഇവിടെ സുവിശേഷകനായിരുന്ന സഹോദരൻ തോമസ് വർഗീസ് (സജി) - റാന്നി- പെട്ടെന്ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടത് സഭയ്ക്ക് ഒരു വലിയ നഷ്ടമായി തീർന്നു. സഹോദരന്റെ വേർപാടിനു ശേഷം തന്റെ ഭാര്യയുടെ പിതാവും കാട്ടാക്കട ചാമവിള ബ്രദറൺ സഭാശുശ്രൂഷകനുമായിരുന്ന സഹോ. ശിംശോൻ ജോസഫിനെ ചാമവിള ഇമ്മാനുവേൽ ബ്രദറൺ സഭപ്രാർത്ഥിച്ച് ഇവിടത്തെ പ്രവർത്തനങ്ങൾക്കായി അയച്ചു. തുടർന്ന് കഴിഞ്ഞ 5 മാസമായി ഈ സഭയിലെ ശുശ്രൂഷകളിൽ സഹകരിച്ച് പ്രവർത്തിച്ചുവരുന്നു. സഹോദരന്മാർ ഒത്തൊരുമിച്ച് പ്രവർത്തിച്ചതിന്റെ ഫലമായി ചില വ്യക്തികൾ രക്ഷിക്കപ്പെട്ട് കുടുംബമായി സഭയിലേക്കു വരികയും അതിൽ 7 പേർ 10-6-2012-ൽ കർത്താവിനെ ജലത്തിൽ സാക്ഷിക്കുകയും ചെയ്തു. സഹോ. ജോണിക്കുട്ടി പേരൂർക്കട സ്നാനശുശ്രൂഷ നിർവ്വഹിച്ചു. ഇവിടെയുള്ള സഭയെയും ഈ പ്രവർത്തനങ്ങളെയും ഓർത്തു പ്രാർത്ഥിക്കണമെ.

എന്ന് സഭയ്ക്കു വേണ്ടി, പി. വിജയനേശൻ

Evg. Simson Joseph, Christian Brethren Assembly, Manali, Arumanai P.O. K.K. Dist. Tamilnadu


Printed, Published and owned by M.V.Babu, Mulampallil, Kallissery P.O.-689124. Printed at Puthethu Offset Kallissery, Published at Kallissery, Design: rajeshprasadam@gmail.com